2023
JULY
29
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
വയനാടൻ ഉൽപന്നങ്ങൾ
Home Delivery
9847 12 9091, 98465 97621

# ടെയിൽ സ്ട്രൈക്ക്: ഇൻഡിഗോ എയർലൈൻസിന് 30 ലക്ഷം പിഴയിട്ട് ഡിജിസിഎ



**ന്യൂഡൽഹി:** ഇൻഡിഗോ എയർലൈൻസിന് 30 ലക്ഷം രൂപ പിഴയിട്ട് ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (ഡിജിസിഎ). കഴിഞ്ഞ ആറുമാസത്തിനിടെ നാലുതവണ വാലറ്റം നിലത്തുരഞ്ഞതു !ചൂണ്ടിക്കാട്ടിയാണ് പിഴയിട്ടത്. ടെയിൽ സ്ട്രൈക്കുകൾ തുടർച്ചായതിനെ തുടർന്ന് പരിശോധനകൾക്ക് ശേഷമാണ് പിഴയീടാക്കാനുള്ള നീക്കം.

ഇതിനായി പ്രത്യേക ഓഡിറ്റ് പരിശോധനയിൽ ഡിജിസിഎ, ഇൻഡിഗോ ഏയർലൈൻസിന്റെ രേഖകളും, പരിശീലനങ്ങളും, ഫ്ലൈറ്റ് ഡേറ്റാ മോണിറ്ററിങ് പരിപാടികളും വിലയിരുത്തിയിരുന്നു. ഇതിൽ ചില പാളിച്ചകൾ കണ്ടെത്തിയതിനാൽ വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ഇതിനുള്ള മറുപടി തൃപ്തികരമല്ലാത്തിനാലാണ് പിഴ ചുമത്തിയത്. വിമാനങ്ങളുടെ ലാൻഡിംഗ് സമയത്തോ ടേക്ക് ഓഫ് സമയത്തോ വിമാനത്തിന്റെ വാൽ ഭാഗം നിലത്ത് മുട്ടുന്നതിനെയാണ് ടെയിൽ സ്ട്രൈക്ക് എന്ന് പറയുന്നത്.

ടെയിൽ സ്ട്രൈക്കിൽ അപകടം സംഭവിക്കില്ലെങ്കിലും ഇത് കാരണം വിമാനത്തിന് കേടുപാടുകൾ ഉണ്ടാകാം. പിന്നീടുള്ള പറക്കലിൽ അപകടം ഉണ്ടാകാനും സാധ്യതയുണ്ട്. ഇതിനാൽ ടെയിൽ സ്ട്രൈക്ക് സംഭവിച്ചാൽ കൃത്യമായി പരിശോധിച്ച് അറ്റകുറ്റപ്പണികൾ നടത്തിയതിന് ശേഷം മാത്രമേ വിമാനങ്ങൾ സർവീസ് നടത്താൻ പാടുള്ളു. ഇത് തുടർച്ചയായി സംഭവിച്ചതിനാണ് പിഴയിട്ടത്.

ജൂൺ 15ന് അഹമ്മദാബാദ് വിമാനത്താവളത്തിൽ ലാൻഡിംഗിനിടെ ഇൻഡിഗോ വിമാനത്തിന് ടെയിൽ സ്ട്രൈക്ക് സംഭവിച്ചിരുന്നു. ഈ സംഭവത്തിൽ ഇൻഡിഗോ ക്യാപ്റ്റന്റെയും സഹപൈലറ്റിന്റെയും ലൈസൻസ് ഡിജിസിഎ റദ്ദാക്കി. ക്യാപ്റ്റന്റെ ലൈസൻസ് മൂന്ന് മാസത്തേക്കും പൈലറ്റിന്റേത് ഒരു മാസത്തേക്കുമാണ് റദ്ദാക്കിയത്. കോക്ക്പിറ്റിലേക്ക് ആളുകൾ അനധികൃതമായി പ്രവേശിക്കുന്നത് തടയാൻ പൈലറ്റുമാർക്കും കാബിൻ ക്രൂവിനും ബോധവത്ക്കരണം നൽകാനും നിയമങ്ങൾ കർശനമായി പാലിക്കാനും എയർലൈനുകളോട് ഡിജിസിഎ ആവശ്യപ്പെട്ടിട്ടുണ്ട്.



## ഐടി പാർക്കുകളുടെ മാതൃകയിൽ വ്യവസായ എസ്റ്റേറ്റുകളിൽ ബാർ ലൈസൻസ്

**തിരുവനന്തപുരം:** ഐടി പാർക്കുകളുടെ മാതൃകയിൽ വ്യവസായ എസ്റ്റേറ്റുകളിൽ ബാർ ലൈസൻസ് നൽകാനുള്ള മദ്യനയത്തിലെ നിർദേശം നടപ്പാക്കുക വൻകിട വ്യവസായ പാർക്കുകളിൽ മാത്രം. സംസ്ഥാനത്താകെ സർക്കാർ ഏജൻസികൾക്കു കീഴിൽ 142 വ്യവസായ പാർക്കുകളുണ്ടെങ്കിലും വിദേശ കമ്പനികളുടെ സാന്നിധ്യം കൂടുതലുള്ള പാർക്കുകളെയാകും ആദ്യഘട്ടത്തിൽ പരിഗണിക്കുകയെന്നാണു വിവരം. അതേസമയം, ഐടി പാർക്കുകളിൽ ബാർ ലൈസൻസ് നൽകുമെന്ന കഴിഞ്ഞ മദ്യനയത്തിലെ പ്രഖ്യാപനം ഒന്നരവർഷമായിട്ടും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

ചട്ടത്തിന്റെ കരട് നിയമവകുപ്പ് അംഗീകരിച്ചെങ്കിലും ബാർ നടത്തിപ്പ് ആരെ ഏൽപിക്കണമെന്നതിലാണ് അനിശ്ചിതത്വം. ഇതേ പ്രശ്നം വ്യവസായ പാർക്കുകളുടെ കാര്യത്തിലും ഉയരാം. കിൻഫ്ര 32, കെഎസ്ഐഡിസി 10, സിഡ്കോ 60, ജില്ലാ വ്യവസായ കേന്ദ്രം 40 എന്നിങ്ങനെയാണു 142 വ്യവസായ പാർക്കുകൾ. ഇതിൽ കിൻഫ്രയ്ക്കാണു വലിയ വ്യവസായ പാർക്കുകളുള്ളത്. തിരുവനന്തപുരം കഴക്കൂട്ടത്തെ കിൻഫ്ര പാർക്കിൽ ഒട്ടേറെ വിദേശ കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. കൊച്ചിയിലെ കാക്കനാട് കിൻഫ്ര പാർക്കിൽ രാജ്യാന്തര പ്രദർശനകേന്ദ്രം ഉൾപ്പെടെ വിദേശികളെ ആകർഷിക്കുന്ന വലിയ പദ്ധതികൾ വരാനിരിക്കുകയാണ്. അതേസമയം, ബാർ ലൈസൻസ് സംബന്ധിച്ചു കൂടുതൽ ചർച്ചകൾ നടന്നിട്ടില്ലെന്നു വ്യവസായ വകുപ്പു പറയുന്നു.

ഐടി പാർക്കിനു ക്ലബ് ലൈസൻസ് മാതൃകയിലുള്ള ലൈസൻസ് അനുവദിക്കാനാണു തീരുമാനം. ഇതു തന്നെയാകും വ്യവസായ പാർക്കുകൾക്കും നൽകുക. പഞ്ചനക്ഷത്ര ബാർ നടത്തിപരിചയമുള്ളയാളെ നടത്തിപ്പ് ഏൽപിക്കണമെന്നായിരുന്നു ഐടി പാർക്കിലെ ലൈസൻസ് സംബന്ധിച്ച് ഐടി വകുപ്പിന്റെ ശുപാർശ. എന്നാൽ പാർക്കിലെ ഡവലപ്പർക്കോ, കോ ഡവലപ്പർക്കോ ലൈസൻസ് എടുക്കാമെന്നും അവർക്ക് ആരെ വേണമെങ്കിലും നടത്തിപ്പ് ഏൽപിക്കാമെന്നുമാണു നിയമവകുപ്പ് അംഗീകരിച്ച കരട് ചട്ടത്തിലുള്ളത്. ഈ ആശയക്കുഴപ്പവും വ്യവസായ പാർക്കുകളുടെ കാര്യത്തിൽ പരിഹരിക്കേണ്ടതുണ്ട്.

## പലിശ വർധന ബാധിച്ചില്ല; യുഎസ് ജിഡിപി മുന്നോട്ട്



**ഫ്രാങ്ക്ഫർട്ട്:** തുടർച്ചയായ പലിശ വർധനയ്ക്കിടയിലും അമേരിക്കൻ സമ്പദ് വ്യവസ്ഥയിൽ വളർച്ച. ഏപ്രിൽ, ജൂൺ പാദത്തിൽ മൊത്ത ആഭ്യന്തര ഉൽപാദനം(ജിഡിപി) 2.4 ശതമാനമായി ഉയർന്നു. ജനുവരി, മാർച്ച് ത്രൈമാസത്തിൽ 2 ശതമാനമായിരുന്നു വളർച്ച. വിലക്കയറ്റം നേരിടാൻ തുടർച്ചയായി പലിശ കൂട്ടുകയാണ് കേന്ദ്ര ബാങ്ക് ആയ ഫെഡറൽ റിസർവ്. ഏറ്റവും ഒടുവിൽ ബുധനാഴ്ച കാൽ ശതമാനം കൂട്ടിയിരുന്നു. 17 മാസത്തിനിടെ പതിനൊന്നാം തവണയാണ് ഫെഡറൽ റിസർവ് പലിശ കൂട്ടിയത്. ഇതോടെ യുഎസിൽ പലിശ 22 വർഷത്തിനിടയിലെ ഉയർന്ന നിരക്കായ 5.5 ശതമാനത്തിലേക്കെത്തി.

ഈ വർഷം ഒരു നിരക്ക് വർധന കൂടി പ്രതീക്ഷിക്കാം എന്നാണ് ഫെഡ് റിസർവ് നൽകുന്ന സൂചന. വായ്പയെടുക്കലിന് ഭാരമേറിയതോടെ അതു സാമ്പത്തിക വളർച്ചയെ മുരടിപ്പിക്കുമെന്നായിരുന്നു കണക്കുകൂട്ടൽ. ഇതു തെറ്റിച്ചാണ് ഒടുവിലെ ജിഡിപി കണക്കുകൾ പുറത്തുവരുന്നത്. അമേരിക്കയുടെ വളർച്ച 2023ൽ 1.8 ശതമാനം ആയിരിക്കുമെന്ന് ഈയടുത്ത് രാജ്യാന്തര നാണ്യനിധി പ്രവചിച്ചിരുന്നു. അതേസമയം, ഫെഡറൽ റിസർവിനു പിന്നാലെ യൂറോപ്യൻ കേന്ദ്ര ബാങ്കും കാൽ ശതമാനം പലിശ കൂട്ടി. ഇനിയും പലിശ കൂട്ടുമെന്ന സൂചന നൽകി. ജൂണിൽ യൂറോസോണിലെ വിലക്കയറ്റം 5.5 ശതമാനത്തിലേക്കു താഴ്ന്നിരുന്നു. 2 ശതമാനമാണ് സഹനപരിധി.

## ഖാദി ഓണം മേള 2 മുതൽ

**തിരുവനന്തപുരം:** കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ഓണത്തോട് അനുബന്ധിച്ച് സംഘടിപ്പിക്കുന്ന മേള ഓഗസ്റ്റ് 2 മുതൽ 27 വരെ നടക്കും. മേളയിൽ ഖാദി വസ്ത്രങ്ങൾക്ക് 30 ശതമാനം വരെ റിബേറ്റ്, സർക്കാർ,അർധ സർക്കാർ ജീവനക്കാർക്ക് ഒരു ലക്ഷം രൂപയുടെ ക്രെഡിറ്റ് സൗകര്യം എന്നിവ ലഭിക്കും. ചുരുങ്ങിയത് 1000 രൂപയുടെ സാധനങ്ങൾ വാങ്ങുന്നവരിൽ നിന്നു നറുക്കെടുത്ത് ഒന്നാം സമ്മാനമായി ഇലക്ട്രിക് കാറും രണ്ടാം സമ്മാനമായി ഇലക്ട്രിക് സ്കൂട്ടറും മൂന്നാം സമ്മാനമായി ഓരോ ജില്ലയ്ക്കും ഓരോ പവൻ വീതവും നൽകും.

മേളയുടെ സംസ്ഥാനതല ഉദ്ഘാടനം രണ്ടിനു വൈകിട്ടു 3നു മന്ത്രി പി.രാജീവ് തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ നിർവഹിക്കും. കേരള സ്പൈസസ് എന്ന പേരിൽ പുറത്തിറക്കുന്ന സുഗന്ധവ്യഞ്ജന വസ്തുക്കളുടെ വിതരണ ഉദ്ഘാടനവും മന്ത്രി നിർവഹിക്കും.





# അതിരപ്പിള്ളി ഗോത്രവർഗ ഉൽപന്നങ്ങൾ ഇനി പുതിയ ബ്രാൻഡിൽ

**അതിരപ്പിള്ളി:** പഞ്ചായത്തിൽ നടപ്പാക്കി വരുന്ന ട്രൈബൽവാലി കാർഷിക പദ്ധതിയുടെ ഭാഗമായി ആദിവാസികളുടെ കാർഷിക ഉൽപന്നങ്ങളും വനവിഭവങ്ങളും സംസ്കരിക്കുന്നതിനും മൂല്യവർധിത ഉൽപന്നങ്ങൾ നിർമിക്കുന്നതിനായി ചിക്ലായിയിൽ ആരംഭിച്ച സെൻട്രൽ പ്രോസസിങ് യൂണിറ്റിന്റെ ഉദ്ഘാടനം മന്ത്രി പി.പ്രസാദ് നിർവഹിച്ചു . വന്യജീവി ആക്രമണങ്ങളിൽ വിളനാശം നേരിടുന്ന കർഷകർക്ക് ധനസഹായം നൽകുന്നതിന് കൃഷി വകുപ്പ് 10 കോടി രൂപ അനുവദിച്ചതായും അതിന്റെ ഒരു വിഹിതം അതിരപ്പിള്ളി പഞ്ചായത്തിലും ലഭിക്കുമെന്നും മന്ത്രി പറഞ്ഞു.

ആദിവാസി വിഭാഗത്തിൽപ്പെട്ടവർ കൃഷി ചെയ്യുന്ന കുരുമുളക്, കാപ്പി, മഞ്ഞക്കൂവ, തേൻ, നെല്ല് തുടങ്ങിയ ഉൽപന്നങ്ങൾ സംസ്കരിക്കുന്നതിനും അവയിൽ നിന്ന് മൂല്യവർധിത ഉൽപന്നങ്ങൾ നിർമിക്കുന്നതിനുമായാണ് യൂണിറ്റ് ആരംഭിച്ചത്.1.23 കോടി രൂപയാണ് പ്രോസസിങ് യൂണിറ്റിന്റെ നിർമാണച്ചെലവ് . ഉൽപന്നങ്ങൾ അതിരപ്പിള്ളി ബ്രാൻഡ് എന്ന പേരിലാണ് വിപണിയിലെത്തിക്കുക. കൃഷി പ്രോത്സാഹനം മുതൽ ഉൽപന്നങ്ങളുടെ വിപണനം വരെയുള്ള കാര്യങ്ങൾക്ക് നേതൃത്വം വഹിക്കുന്നതിനായി അതിരപ്പിള്ളി വാലി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്ക് രൂപം നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാർ അവതരിപ്പിച്ച കേരള ഗ്രോ ബ്രാൻഡിന്റെ കീഴിൽ അതിരപ്പിള്ളി ട്രൈബൽവാലി ഉൽപന്നങ്ങൾ കൂടി ഉൾപ്പെടുത്തി ഇവയുടെ വിപണന സാധ്യത മെച്ചപ്പെടുത്തുമെന്നു മന്ത്രി പറഞ്ഞു.

കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രങ്ങൾ, വിമാനത്താവളങ്ങൾ തുടങ്ങിയ കേന്ദ്രങ്ങളിൽ വിപണന യൂണിറ്റുകൾ തുടങ്ങും . ഓൺലൈൻ വിൽപനയ്ക്കും സൗകര്യമൊരുകും . റീബിൽഡ് കേരള ഇനീഷ്യേറ്റീവിൽ ഉൾപ്പെടുത്തി 7.91 കോടി ചെലവിൽ നടപ്പിലാക്കുന്ന അതിരപ്പിള്ളി ട്രൈബൽ വാലി കാർഷിക പദ്ധതിയിലൂടെ ആദിവാസി വിഭാഗങ്ങളുടെ സമഗ്രവികസനമാണ് ലക്ഷ്യമിടുന്നത്. ഊരുകൾ കേന്ദ്രീകരിച്ച് 14 ക്ലസ്റ്ററുകൾ രൂപീകരിച്ചാണ് പദ്ധതി നടപ്പിലാക്കിവരുന്നത്.ക്ലസ്റ്ററുകളെ കൃഷിക്കൂട്ടങ്ങളായി അംഗീകരിക്കും. അതിരപ്പിള്ളി ട്രൈബൽ വാലി കാർഷിക പദ്ധതി രണ്ട് വർഷം കൂടി തുടരുമെന്നും മന്ത്രി അറിയിച്ചു. ഗ്രാമപഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ നടന്ന ചടങ്ങിൽ സനീഷ് കുമാർ ജോസഫ് എംഎൽഎ അധ്യക്ഷത വഹിച്ചു.

## നെല്ല് സംഭരണം: സപ്ലൈകോയും കേരള ബാങ്കും ധാരണയായി

**തിരുവനന്തപുരം:** കർഷകർക്ക് നെല്ലിന്റെ സംഭരണ വില ഭാവിയിൽ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് സപ്ലൈകോയും കേരള ബാങ്കും സഹകരിച്ച് മുന്നോട്ട് പോകാൻ ധാരണയായി. ഭക്ഷ്യ പൊതുവിതരണ മന്ത്രി ജി.ആർ. അനിലും കേരള ബാങ്ക് പ്രസിഡന്റ് ഗോപി കോട്ടമുറിക്കലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ നടത്തിയ ചർച്ചയിലാണ് ഇതു സംബന്ധിച്ച തീരുമാനം എടുത്തത്.

നെല്ലിന്റെ സംഭരണ വില വിതരണം ചെയ്യുന്നതിന് ആവശ്യമായ ക്രമീകരണം ഉണ്ടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് പൊതുവിതരണ ഉപഭോക്തൃ കമ്മീഷണറും സപ്ലൈകോയുടെ ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടറും കേരള ബാങ്ക് ഉന്നത അധികാരികളുമായി ഓഗസ്റ്റ് ഏഴിന് ചർച്ച നടത്തും.

## സൗദി അറേബ്യയിലെ ആരോഗ്യമന്ത്രാലയത്തിലേക്ക് നഴ്സുമാരെ തെരഞ്ഞെടുക്കുന്നു

**തിരുവനന്തപുരം:** കേരള സർക്കാർ സ്ഥാപനമായ ഒഡെപെക് മുഖേന സൗദി അറേബ്യൻ ആരോഗ്യമന്ത്രാലയത്തിന്റെ കീഴിലെ ആശുപത്രികളിലേക്ക് ബി.എസ്‌സി നഴ്സുമാരെ (സ്ത്രീ) തെരഞ്ഞെടുക്കുന്നു.

നഴ്സിങ്ങിൽ ബി.എസ്‌സി/പോസ്റ്റ് ബി.എസ്‌സി/എം.എസ്‌സിയും കുറഞ്ഞത് ഒരു വർഷത്തെ പ്രവൃത്തിപരിചയവും നിർബന്ധം. പ്രായപരിധി 35 വയസ്. ഓഗസ്റ്റ് ഏഴ് മുതൽ 10 വരെ കൊച്ചിയിൽ അഭിമുഖം നടക്കും. ശമ്പളം സൗദി അറേബ്യൻ ആരോഗ്യമന്ത്രാലയത്തിന്റെ ശമ്പള നിയമമനുസരിച്ച് ലഭിക്കും. താമസം, വിസ, ടിക്കറ്റ് എന്നിവ സൗജന്യമായിരിക്കും.

താത്പര്യമുള്ളവർ ഫോട്ടോ അടങ്ങിയ ബയോഡാറ്റ, ആധാർ കാർഡ്, പാസ്പോർട്ട്, ഡിഗ്രി സർട്ടിഫിക്കറ്റ്, എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ ഓഗസ്റ്റ് അഞ്ചിനകം gcc@odepc.in ലേക്ക് മെയിൽ അയയ്ക്കുക. വിശദവിവരങ്ങൾക്ക്: www.odepc.kerala.gov.in, 04712329440/41/42/6238514446.

## വോക്ക് ഇൻ ഇന്റർവ്യൂ

**ചാത്തന്നൂർ:** ആൺകുട്ടികളുടെ പ്രീമെട്രിക് ഹോസ്റ്റലിലെ വിദ്യാർഥികൾക്ക് ഹിന്ദി, ഫിസിക്കൽ സയൻസ് വിഷയങ്ങളിൽ ട്യൂഷൻ നൽകുന്നതിന് പരിശീലകരെ നിയമിക്കുന്നു. ഹൈസ്കൂൾ വിഭാഗത്തിൽ ബന്ധപ്പെട്ട വിഷയത്തിൽ ബിരുദവും ബി എഡും യു പി വിഭാഗത്തിൽ ടി ടി സി യുമാണ് യോഗ്യത. ബയോഡാറ്റയും സർട്ടിഫിക്കറ്റുകളും സഹിതം ഓഗസ്റ്റ് രണ്ടിന് രാവിലെ 11ന് ഇത്തിക്കര ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ നടക്കുന്ന വോക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കണം. ഫോൺ: 8547630035, 9446525521.

# ബ്രഹ്മപുരം ബിപിസിഎൽ പദ്ധതിക്ക് സർക്കാർ അനുമതി

**കൊച്ചി:** നഗരത്തിലെ ജൈവ മാലിന്യം കംപ്രസ്ഡ് ബയോഗ്യാസ് (സിബിജി) ആക്കി മാറ്റുന്നതിനുള്ള പ്ലാന്റ് സ്ഥാപിക്കാൻ ബിപിസിഎല്ലിനു ബ്രഹ്മപുരത്തു സ്ഥലം അനുവദിക്കാൻ സംസ്ഥാന മന്ത്രിസഭ അനുമതി നൽകി. വൈദ്യുതി, വെള്ളം എന്നിവയും ലഭ്യമാക്കും. ബ്രഹ്മപുരത്തു നിന്ന് ബിപിസിഎൽ പ്ലാന്റിലേക്കു പൈപ്പുകൾ സ്ഥാപിക്കാനും അനുമതി നൽകി.

സിബിജി പദ്ധതി നടപ്പാക്കാൻ നേരത്തേ മന്ത്രിതല ചർച്ചയിൽ തീരുമാനമെടുത്തിരുന്നെങ്കിലും മുന്നോട്ടു പോകാൻ മന്ത്രിസഭ അനുമതി ആവശ്യമായിരുന്നു. പദ്ധതിയുടെ വിശദമായ രൂപരേഖ ഒക്ടോബർ ഒന്നിനകം തയാറാക്കി സമർപ്പിക്കാൻ ബിപിസിഎല്ലിനോടു സർക്കാർ നിർദേശിച്ചിട്ടുണ്ട്.

ഇൻഡോർ മാതൃകയിലാണു ബ്രഹ്മപുരത്തു സിബിജി പ്ലാന്റ് സ്ഥാപിക്കുക. ഇതിനാവശ്യമായ 20 ഏക്കർ സ്ഥലം ബ്രഹ്മപുരത്തു ബിപിസിഎല്ലിനു കൈമാറും. പ്ലാന്റിന്റെ നിർമാണം, നടത്തിപ്പ് ഉൾപ്പെടെയുള്ള മുഴുവൻ ചെലവും ബിപിസിഎല്ലാണു വഹിക്കുക. പ്ലാന്റിൽ ഉൽപാദിപ്പിക്കുന്ന ബയോഗ്യാസ് ബിപിസിഎൽ അവരുടെ സംവിധാനങ്ങളിലൂടെ വിറ്റഴിക്കും.

കോർപറേഷനു പദ്ധതി വഴി വരുമാനമുണ്ടാകില്ലെങ്കിലും നഗരത്തിലെ മുഴുവൻ ജൈവ മാലിന്യവും സംസ്കരിക്കാൻ സാധിക്കും. മാലിന്യ സംസ്കരണത്തിനു ചെലവഴിക്കുന്ന കോടിക്കണക്കിനു രൂപ ഇതുവഴി കോർപറേഷനു ലാഭിക്കാൻ കഴിയുമെന്നു മേയർ എം. അനിൽകുമാർ പറഞ്ഞു.

ആദ്യ ഘട്ടത്തിൽ 150 ടൺ ജൈവ മാലിന്യം സംസ്കരിക്കാൻ ശേഷിയുള്ള പ്ലാന്റാണു സ്ഥാപിക്കുക. കോർപറേഷൻ പരിധിയിലെ മാത്രമല്ല, സമീപ തദ്ദേശ സ്ഥാപനങ്ങളിലെ ജൈവ മാലിന്യം കൂടി സംസ്കരിക്കാൻ കഴിയുന്ന തരത്തിലാണു പ്ലാന്റ് നിർമിക്കുക.

സിബിജി പ്ലാന്റിനു ബിപിസിഎൽ ഡയറക്ടർ ബോർഡ് അനുമതി നൽകിയിട്ടുണ്ട്.

ജൈവ മാലിന്യ സംസ്കരണ പ്ലാന്റിന് 25 കോടി രൂപ സിഎസ്ആർ സഹായം തേടിയാണു കോർപറേഷൻ ആദ്യം ബിപിസിഎല്ലിനെ സമീപിച്ചത്. ഇതിനിടയിലാണു ബ്രഹ്മപുരത്തു തീപിടിത്തമുണ്ടാകുന്നത്. തുടർന്നു ബിപിസിഎൽ തന്നെ സ്വന്തം നിലയിൽ ബയോഗ്യാസ് പ്ലാന്റ് നിർമിക്കാമെന്ന ആശയം മുന്നോട്ടു വയ്ക്കുകയായിരുന്നു.



ബ്രഹ്മപുരത്തു സിബിജി പദ്ധതി നടപ്പാക്കാനുള്ള തീരുമാനത്തിലൂടെ മാലിന്യത്തിൽ നിന്നു വൈദ്യുതി ഉൽപാദിപ്പിക്കാൻ നേരത്തേ കരാർ നൽകിയ പദ്ധതിയുമായി സർക്കാർ മുന്നോട്ടില്ലെന്നു വ്യക്തമായി. വ്യവസായ വികസന കോർപറേഷൻ (കെഎസ്ഐഡിസി) വഴി സോണ്ട ഇൻഫ്രാടെക്കിനു സർക്കാർ കരാർ നൽകിയിരുന്നു. ഈ പദ്ധതി നടപ്പാക്കാൻ കോർപറേഷൻ 20 ഏക്കർ സ്ഥലം കെഎസ്ഐഡിസിക്കു കൈമാറിയിട്ടുണ്ട്.



കൗൺസിൽ ഓഫ് ആർക്കിടെക്ചറിന്റെ ആഭിമുഖ്യത്തിൽ വൈറ്റില ആസാദി ആർക്കിടെക്ചർ കോളജ് ക്യാംപസിൽ ആരംഭിച്ച ദ്വിദിന ദേശീയ സിമ്പോസിയത്തിന്റെ ഉദ്ഘാടനത്തിനോടനുബന്ധിച്ച് കൗൺസിൽ ഓഫ് ആർക്കിടെക്ചർ ഇന്ത്യ പ്രസിഡന്റ് പ്രൊഫ.അഭയ് പുരോഹിത് തിരി തെളിയിക്കുന്നു.പ്രൊഫ.മിലിന്ദ് കൊല്ലിഗൽ,പ്രൊഫ.ജെ മനോഹരൻ,പ്രൊഫ ബി ആർ അജിത്,ഡോ.ഷക്കീല ഷംസു,പ്രൊഫ.ജയശ്രീ ദേശ്പാണ്ഡെ,പ്രൊഫ.പുഷ്കർ കൻവിന്ദ,ഡോ.സഞ്ജീവ് സിംങ്,ആർക്കിടെക്റ്റ് എസ് ഗോപകുമാർ,ആർക്കിടെക്റ്റ് ലാലിച്ചൻ സക്കറിയ തുടങ്ങിയവർ സമീപം

# ദേശീയ വിദ്യാഭ്യസ നയം ആർക്കിടെക്ചർ എഡ്യുക്കേഷനിൽ; ദ്വിദിന ദേശീയ സിംമ്പോസിയത്തിന് തുടക്കം

**കൊച്ചി :** കൗൺസിൽ ഓഫ് ആർക്കിടെക്ചറിന്റെ ആഭിമുഖ്യത്തിൽ ദേശീയ വിദ്യാഭ്യാസ നയം ആർക്കിടെക്റ്റർ എഡ്യുക്കേഷനിൽ എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ദ്വിദിന ദേശീയ സിമ്പോസിയത്തിന് വൈറ്റില ആസാദി ആർക്കിടെക്ചർ കോളജ് ക്യാംപസിൽ തുടക്കമായി.

ക്യാംപസിലെ കൂത്തമ്പലത്തിൽ ആരംഭിച്ച സിംമ്പോസിയം ചലച്ചിത്ര സംവിധായകൻ അടൂർ ഗോപാല കൃഷ്ണൻ ഓൺലൈൻ ആയി ഉദ്ഘാടനം ചെയ്തു. സാമൂഹ്യ ജീവിതത്തിൽ ആർക്കിടെക്ചറിനു വളരെയേറെ പ്രധാന്യമുള്ള കാലഘട്ടമാണിതെന്ന് അടൂർ ഗോപാലകൃഷ്ണൻ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.ജീവിതവുമായി അടുത്തു നിൽക്കുന്ന മേഖലയാണ് ആർക്കിടെക്ചർ.ഇത്തരത്തിൽ ഒരു സെമിനാർ സംഘടിപ്പിച്ച കൗൺസിൽ ഓഫ് ആർക്കിടെക്ചറിനെയും ആസാദിയെയും താൻ അഭിനന്ദിക്കുന്നതായി അടൂർ ഗോപാല കൃഷ്ണൻ പറഞ്ഞു. ദേശീയ വിദ്യാഭ്യസ നയത്തിന്റെ ഭാഗമായി ആർക്കിടെക്ചർ പഠന മേഖലയിൽ ആർക്കിടെക്ചർ വിദ്യാർഥികൾക്കും പ്രൊഫഷണൽസിനും കൂടുതൽ ഗുണകരമാകുന്ന വിധത്തിൽ വലിയ മാറ്റങ്ങൾ സംഭവിക്കാൻ പോകുകയാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച കൗൺസിൽ ഓഫ് ആർക്കിടെക്ചർ ഇന്ത്യ പ്രസിഡന്റ് പ്രൊഫ.അഭയ് പുരോഹിത് പറഞ്ഞു.

ഇന്ത്യയിലെ ആർക്കിടെക്ചർ മേഖല ലോകനിലവാരത്തിനൊപ്പം കിടപിടിക്കുന്ന മേഖലയായി മാറും.വരാൻ പോകുന്ന കാലഘട്ടത്തിൽ ഒരു പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനവും ഒരു പ്രത്യേക കോഴ്സ് പഠനത്തിനായി മാത്രം നിലനിൽക്കില്ല. പകരം വിദ്യാർഥികൾക്ക് താൽപ്പര്യമുള്ള എല്ലാത്തരത്തിലുള്ള പ്രൊഫഷണൽ കോഴ്സുകളും ആരംഭിച്ചാൽ മാത്രമെ ആ സ്ഥാപനത്തിന് നിലനിൽപ്പുണ്ടാകുകയുള്ളുവെന്നും അദ്ദേഹം പറഞ്ഞു. ആസാദി ചെയർമാൻ സീനിയർ ആർക്കിടെക്റ്റ് പ്രൊഫ.ബി. ആർ അജിത്,സിഒഎ ടിആർസി ഡയറക്ടർ പ്രൊഫ.ജയശ്രീ ദേശ്പാണ്ഡെ തുടങ്ങിയവർ പ്രസംഗിച്ചു.തുടർന്ന് നടന്ന വിവിധ ടെക്നിക്കൽ സെഷനുകളിൽ ഡോ.ഷക്കീല ഷംസു,ഡോ.ബാബു രാജേശ്വരൻ,പ്രൊഫ.പുഷ്കർ കൻവിന്ദ,ഡോ.എ ശ്രീവൽസൻ,ഡോ.ഉജ്വല ചക്രദയോ, പ്രൊഫ.ജെ മനോഹരൻ,ഡോ.സഞ്ജീവ് സിംങ്,പ്രൊഫ.ജയശ്രീ ദേശ് പാണ്ഡെ,ഡോ.മനോജ് കിനി തുടങ്ങിയവർ സംസാരിച്ചു.

രണ്ടാം ദിവസമായ ഇന്ന്ഡോ.ക്രിസ് ജോൺസൺ, ഡോ.സുനിൽ ദുബെ(ഓസ്ട്രേലിയ), പ്രൊഫ മിലിന്ദ് കൊല്ലിഗൽ, പ്രൊഫ. കെന്നി പി ജോയ് എന്നിവർ വിവിധ സെഷനുകളിൽ സംസാരിക്കും. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ മൂന്നാം വാർഷികാഘോഷം നടക്കും.ഉച്ചയ്ക്ക് 12 ന് ആരംഭിക്കുന്ന ചടങ്ങിൽ യു എൻ ആൻഡ് യുഎസ് മുൻ അംബാസിഡർ ടി.പി ശ്രീനിവാസൻ മുഖ്യ അതിഥിയാകും.ആസാദി പൂർവ്വ വിദ്യാർഥിയും മികച്ച നടിയ്ക്കുള്ള ഈ വർഷത്തെ സംസ്ഥാന അവാർഡ് ജേതാവുമായ വിൻസി അലോഷ്യസിനെ ചടങ്ങിൽ ആദരിക്കും. ഡോ.ബിനു മോൾ ടോമിന്റെ നേതൃത്വത്തിൽ പ്രതിനിധികൾക്കായി ശിൽപ്പശാലയും ഉണ്ടായിരിക്കും.

# ആലപ്പുഴ ജനറൽ ആശുപത്രിയിൽ 4 കോടിയുടെ ഉപകരണങ്ങളും യന്ത്രങ്ങളും നശിക്കുന്നു



**ആലപ്പുഴ:** ജനറൽ ആശുപത്രിയിൽ ബ്ലഡ് ബാങ്കിനും ട്രോമാകെയർ യൂണിറ്റിനും വേണ്ടി 4 കോടിയിലേറെ രൂപ മുടക്കി വാങ്ങിയ അത്യാധുനിക യന്ത്രങ്ങളും ഉപകരണങ്ങളും 4 വർഷമായി കിടന്നു നശിക്കുന്നു. രോഗികൾക്ക് കുറഞ്ഞ ചെലവിലും സൗജന്യമായും ലഭിക്കേണ്ട ചികിത്സ അധികൃതരുടെ അനാസ്ഥ മൂലം നഷ്ടപ്പെടുകയാണ്. കൂടാതെ സംസ്ഥാനത്ത് ബ്ലഡ് ബാങ്ക് ഇല്ലാത്ത ഏക ജനറൽ ആശുപത്രിയായി ആലപ്പുഴ മാറുകയും ചെയ്തു.

ആശുപത്രിയിലെ പഴയ കെട്ടിടത്തിന്റെ ഭാഗം ആയിരുന്നു ബ്ലഡ് ബാങ്കിനും ട്രോമാ കെയറിനും വേണ്ടി ഒരുക്കിയിരുന്നത്. പിന്നീടാണ് 4 വർഷം മുൻപ് അന്നത്തെ നഗരസഭാ ഭരണസമിതി ബ്ലഡ് ബാങ്കിനും ട്രോമാ കെയർ യൂണിറ്റിനും ആവശ്യമായ വിവിധ മെഷിനറികൾ, എസി, മൈക്രോസ്കോപ്, രക്ത പരിശോധനയ്ക്കുള്ള ഉപകരണങ്ങൾ തുടങ്ങിയവ കേരള മെഡിക്കൽ കോർപറേഷൻ വഴി വാങ്ങിയത്. കോർപറേഷൻ ടെൻഡർ ക്ഷണിച്ചായിരുന്നു വാങ്ങൽ.

ഇതിനിടെ ഭരണ സമിതി മാറി ഇപ്പോഴത്തെ സമിതി വന്നപ്പോൾ കെട്ടിടം ദുർബലമാണെന്നു പൊതുമരാമത്ത് വിഭാഗം സാക്ഷ്യപ്പെടുത്തി. ആശുപത്രി വികസന സമിതി യോഗം ചേർന്നു പൊതുമരാമത്ത് വിഭാഗം എതിർത്ത കെട്ടിടത്തിൽ തന്നെ ബ്ലഡ് ബാങ്കും ട്രോമാ കെയറും തുടങ്ങാൻ തീരുമാനിച്ചെങ്കിലും തുടർ നടപടികൾ ഉണ്ടായില്ല.



# കല്യാണത്തണ്ട് ഹിൽ ഗാർഡൻ ടൂറിസം പ്രോജക്ടിന് ഡിപിആർ ആയി

**കട്ടപ്പന:** കല്യാണത്തണ്ട് ഹിൽ ഗാർഡൻ ടൂറിസം പ്രോജക്ടിന് ഡിപിആർ ആയി. 6.5 കോടി രൂപയുടെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയാറാക്കിയിരിക്കുന്നത് സംസ്ഥാന നിർമിതി കേന്ദ്രമാണ്. നഗരസഭ വാർഷിക പദ്ധതിയിൽപ്പെടുത്തി വാച്ച് ടവർ നിർമിക്കുന്നതിന് 30 ലക്ഷം രൂപയുടെ അംഗീകാരം വാങ്ങി. എംപി, എംഎൽഎ, ടൂറിസം ഡിപ്പാർട്ട്മെൻറ്, നഗരസഭ ഫണ്ട് തുടങ്ങിയവയിലൂടെ പണി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. റവന്യു ഭൂമി നഗരസഭയ്ക്ക് ലീസിന് ലഭ്യമാക്കി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾക്കും തുടക്കമായി. ഈ പദ്ധതിയുടെ പൂർത്തീകരണത്തോടെ ടൂറിസം ഭൂപടത്തിൽ കട്ടപ്പനയും ഇടംപിടിക്കും.

മൂന്നാർ, തേക്കടി തുടങ്ങിയ സ്ഥലങ്ങളിലെത്തുന്ന വിനോദസഞ്ചാരികളെ കട്ടപ്പനയിലേക്ക് ആകർഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നതെന്ന് നഗരസഭാ അധ്യക്ഷ ഷൈനി സണ്ണി ചെറിയാൻ, മുൻ ചെയർമാൻ ജോയി വെട്ടിക്കുഴി, വൈസ് ചെയർമാൻ ജോയി ആനിത്തോട്ടം, സ്ഥിരം സമിതി അധ്യക്ഷന്മാരായ സിബി പാറപ്പായിൽ, ലീലാമ്മ ബേബി, ഐബിമോൾ രാജൻ എന്നിവർ അറിയിച്ചു.

വാച്ച് ടവർ, പ്രവേശന കവാടം, ടിക്കറ്റ് കൗണ്ടർ, കഫറ്റേരിയ, ടോയ്‌ലറ്റ് ബ്ലോക്ക്, പാത്ത് വേയ്സ്, ഫെൻസിംഗ്, ചിൽഡ്രൻസ് പ്ലേ എക്യുപ്മെൻറ് തുടങ്ങിയവ ഉൾപ്പെടുത്തിയാണ് ഡിപിആർ തയാറാക്കിയിരിക്കുന്നത്.

# ഇന്റർനാഷണൽ എഡ്യൂക്കേഷൻ മിനി എക്സ്പോയുമായി ഒഡെപെക്

**തൃശ്ശൂർ:** കേരള സർക്കാർ സ്ഥാപനമായ ഒഡെപെക് സ്റ്റഡി എബ്രോഡ് പ്രോഗ്രാമിന്റെ ഭാഗമായി ഇന്റർനാഷണൽ എഡ്യൂക്കേഷൻ മിനി എക്സ്പോ സംഘടിപ്പിക്കുന്നു. ഓഗസ്റ്റ് അഞ്ചിന് തൃശ്ശൂർ കസിനോ ഹോട്ടലിലും ആറിന് എറണാകുളം റെനാ ഇവന്റ് ഹബ്ബിലുമായി നടക്കുന്ന എക്സ്പോയിലൂടെ വിവിധ രാജ്യങ്ങളിലെ ഉപരിപഠന തൊഴിൽ സാധ്യതകളെക്കുറിച്ചും നിലവിലെ സാഹചര്യങ്ങളെക്കുറിച്ചും മനസിലാക്കാനാകും. യു.എസ്.എ, ഓസ്ട്രേലിയ, യു.കെ., കാനഡ എന്നീ നാല് വിദേശരാജ്യങ്ങളിൽ നിന്നുള്ള 10 ൽപ്പരം യൂണിവേഴ്സിറ്റികളുടെ പ്രതിനിധികളുമായി സംവദിക്കാൻ അവസരം ലഭിക്കും.

മികച്ച കോളജുകൾ/യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിലെ അനുയോജ്യ കോഴ്സ് തെരഞ്ഞെടുക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ, അഡ്മിഷനു മുന്നോടിയായുള്ള പരിശീലനം, വിസ പ്രോസസിങ്ങുമായി ബന്ധപ്പെട്ട സേവനങ്ങൾ, വിദേശത്തേക്കു പോകുന്നതിനു മുൻപുള്ള മാർഗനിർദേശങ്ങൾ, വിദേശഭാഷാ പരിശീലനം തുടങ്ങിവ സേവനങ്ങൾ ലഭിക്കും. അഡ്മിഷന് അർഹരായവർക്ക് സ്കോളർഷിപ്പ് നൽകും. രാവിലെ 9 മുതൽ വൈകിട്ട് അഞ്ചുവരെ നടക്കുന്ന എക്സ്പോയിലേക്ക് www.odepc.net/edu-expo-2023 ലിങ്കിൽ സൗജന്യമായി രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക്: 0471 2329440/41/6282631503.

# മണ്ണറിവ് ഏകദിന പരിശീലന പരിപാടി സംഘടിപ്പിച്ചു

**ഇടുക്കി:** സംസ്ഥാന സോയിൽ മ്യൂസിയവും സെൻട്രൽ സോയിൽ അനലിറ്റിക്കൽ ലാബും സംയുക്തമായി ' മണ്ണറിവ് ' എന്ന പേരിൽ കർഷകർക്ക് ഏകദിന സൗജന്യ പരിശീലന പരിപാടി സംഘടിപ്പിച്ചു. സോയിൽ മ്യൂസിയത്തിൽ നടന്ന പരിശീലനത്തിൽ ജൈവകൃഷിയും മണ്ണ് പരിപാലനവും എന്ന വിഷയത്തിൽ ജൈവകർഷകനും അവാർഡ് ജേതാവുമായ ആർ രവീന്ദ്രൻ ഉള്ളൂർ ക്ലാസെടുത്തു. അറുപതോളം കർഷകർ പങ്കെടുത്തു. പരിശീലന പരിപാടിയുടെ ഭാഗമായി കർഷകർ മണ്ണ് മ്യൂസിയം, മണ്ണ് പരിശോധന ലാബ് എന്നിവ സന്ദർശിച്ചു. പരിശീലന പരിപാടിയിൽ പങ്കെടുത്തവർക്ക് സൗജന്യ മണ്ണ് പരിശോധനയ്ക്കും അവസരം ഉണ്ടായിരുന്നു. പങ്കെടുത്ത കർഷകർക്കും സർട്ടിഫിക്കറ്റും പച്ചക്കറി വിത്തുകളും വിതരണം ചെയ്തു.



# കാർഷിക പൈതൃകം ഉണർത്തി കമ്പളനാട്ടി

**കൽപ്പറ്റ:** കുടുംബശ്രീ ജില്ലാ മിഷൻ പട്ടിക വർഗ പദ്ധതിയുടെയും ബാലസഭയുടെയും വെള്ളമുണ്ട സിഡിഎസിൻറെയും നേതൃത്വത്തിൽ വാരാമ്പറ്റയിൽ കമ്പളനാട്ടി നടത്തി. ഗോത്ര മേഖലയിൽ മഴയുടെ സൗന്ദര്യം അസ്വദിക്കാൻ കുടുംബശ്രീ ജില്ലാ മിഷൻ നടത്തുന്ന മളെ ഹുയ് വത് എന്ന പരിപാടിയുടെ ഭാഗമായാണ് അഞ്ച് ഏക്കർ പാടത്ത് കമ്പളനാട്ടി സംഘടിപ്പിച്ചത്. വെള്ളമുണ്ട പഞ്ചായത്ത് പ്രസിഡൻറ് സുധി രാധാകൃഷ്ണൻ കമ്പളനാട്ടിക്ക് നേതൃത്വം നൽകി.

എസ്ഇആർപി ആന്ധ്രാപ്രദേശിലെ ഉദ്യോഗസ്ഥർ മുഖ്യാതിഥികളായി കമ്പളനാട്ടിയിൽ പങ്കെടുത്തു. ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ജുനൈദ് കൈപ്പാണി, കെ. വിജയൻ, കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ പി.കെ. ബാലസുബ്രഹ്മണ്യൻ, സിഡിഎസ് ചെയർപേഴ്സൺ സി.എൻ. സജ്ന എന്നിവരും കമ്പള നാട്ടിയിൽ പങ്കാളികളായി. മഴപ്പാട്ട്, മഴക്കാല ക്ലാസുകൾ, ഡോക്യുമെൻററി, ഫോട്ടോഗ്രഫി, വടംവലി തുടങ്ങി നിരവധി പരിപാടികളാണ് കുട്ടികൾക്കും യുവാക്കൾക്കുമായി ജില്ലാ മിഷൻ നടത്തുന്നത്.

പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഇ.കെ. സൽമത്ത്, അംഗങ്ങളായ പി.എ. അസീസ്, പി. തോമസ്, കണിയാങ്ങണ്ടി അബ്ദുള്ള, മേരി സ്മിത, കെ. ലതിക, ഇ.കെ. രാധ, ജില്ലാ പ്രോഗ്രാം മാനേജർമാരായ കെ.ജെ. ബിജോയ്, വി. ജയേഷ്, സിഡിഎസ്, എഡിഎസ് എക്സിക്യൂട്ടീവ് അംഗങ്ങൾ, ആനിമേറ്റർമാർ, ബാലസഭ കുട്ടികൾ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

# ബോണക്കാട്ടെ തകർന്ന ലയങ്ങളുടെ അറ്റകുറ്റപ്പണികൾ ഓണം കഴിഞ്ഞാലുടൻ

**ബോണക്കാട്:** എസ്റ്റേറ്റിലെ വാസയോഗ്യമല്ലാത്ത ലയങ്ങളുടെ പുനരുദ്ധാരണം ഓണം കഴിഞ്ഞാലുടൻ ആരംഭിക്കുമെന്ന് തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി. ലയങ്ങളുടെ പുനരുദ്ധാരണം സംബന്ധിച്ച് ബോണക്കാട് എസ്റ്റേറ്റിൽ ധനകാര്യവകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാലിനൊപ്പം നടത്തിയ യോഗത്തിലാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്. പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി മുഖാന്തിരം ലയങ്ങളുടെ പുനരുദ്ധാരണം നടത്തുന്നതിനായി 2.71 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ജില്ലാ നിർമ്മിതി കേന്ദ്രത്തിനാണ് നിർമ്മാണ ചുമതല. ജില്ലാ കളക്ടർ ചെയർമാനായ പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി മേൽനോട്ടം വഹിക്കുമെന്നും മന്ത്രി പറഞ്ഞു. 2015 മാർച്ചിൽ പൂർണമായും പ്രവർത്തനം അവസാനിച്ച ബോണക്കാട് എസ്റ്റേറ്റിലെ പൂട്ടിപ്പോയ മൂന്നു ഡിവിഷനുകളിലെയും ലയങ്ങളാണ് പുതുക്കിപ്പണിയുക. മൂന്ന് ഡിവിഷനുകളിലായി ആകെ 34 ലയങ്ങളിൽ 155 കുടുംബങ്ങളാണ് താമസിക്കുന്നത്.



ഇരു മന്ത്രിമാരും വാസയോഗ്യമല്ലാത്ത സ്ഥിതിയിൽ ഉള്ള ലയങ്ങൾ സന്ദർശിച്ചു. സംസ്ഥാനത്തെ ലയങ്ങളിലെ വികസന പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ ബജറ്റിൽ 10 കോടി രൂപ നീക്കിവെച്ചുവെന്ന് ധനകാര്യ മന്ത്രി കെ.എൻ. ബാലഗോപാൽ പറഞ്ഞു. ബോണക്കാട് എസ്റ്റേറ്റ് സംബന്ധിച്ച് സാങ്കേതികവും നിയമപരവുമായ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. എങ്കിലും തൊഴിലാളികൾക്കായുള്ള ക്ഷേമ പദ്ധതി എന്ന നിലയിലാണ് ലയങ്ങളുടെ പുനരുദ്ധാരണം നടപ്പിലാക്കുന്നത്. എസ്റ്റേറ്റ് പഴയനിലയിൽ പ്രവർത്തിക്കുന്നതിനുള്ള സാങ്കേതിക കുരുക്ക് അഴിക്കാൻ ശ്രമിക്കുമെന്നും ധനകാര്യ മന്ത്രി പറഞ്ഞു. ഇതു സംബന്ധിച്ച് തൊഴിൽ മന്ത്രിയുടെ അധ്യക്ഷതയിൽ എസ്റ്റേറ്റ് മാനേജ്മെൻറ് പ്രതിനിധികളുമായി ഒരു യോഗം നടത്താൻ ലേബർ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് മന്ത്രി വി. ശിവൻകുട്ടി അറിയിച്ചു. ബോണക്കാട്ടേക്ക് കൂടുതൽ ബസ് സർവീസുകൾ ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കും. വിദ്യാർത്ഥികൾ ഇല്ലാത്തതിനാൽ പൂട്ടിപ്പോയ ബോണക്കാട്ടെ സ്കൂൾ വീണ്ടും തുറക്കുന്നതിനുള്ള സാധ്യത പരിശോധിക്കുമെന്നും മന്ത്രി പറഞ്ഞു.

യോഗത്തിൽ ജി. സ്റ്റീഫൻ എം.എൽ.എ അധ്യക്ഷതവഹിച്ചു. വിതുര പഞ്ചായത്ത് പ്രസിഡണ്ട് മഞ്ജുഷ ജി. ആനന്ദ്, ജില്ലാ പഞ്ചായത്ത് അംഗം എ.എൻ. മിനി, തൊഴിൽ വകുപ്പ് സെക്രട്ടറി അജിത് കുമാർ, ജില്ലാ കളക്ടർ ജെറോമിക് ജോർജ്, എ.ഡി.എം അനിൽ ജോസ്ജെ, അഡീഷണൽ ലേബർ കമ്മീഷണർ കെ. ശ്രീലാൽ, വിവിധ ട്രേഡ് യൂണിയൻ നേതാക്കൾ, ലയങ്ങളിലെ കുടുംബങ്ങൾ എന്നിവർ പങ്കെടുത്തു.

## ശുചീകരണ തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക പുരോഗതി ഉറപ്പുവരുത്തും

**കൊല്ലം:** ജില്ലയിലെ അഴുക്കുചാൽ, മാൻഹോൾ തുടങ്ങിയ ശുചീകരണ പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക പുരോഗതി ഉറപ്പുവരുത്തുമെന്ന് ജില്ലാ കലക്ടർ അഫ്സാന പർവീൺ. മാന്വൽ സ്കാവഞ്ചേഴ്സ് വിഭാഗത്തിന്റെ പുനരധിവാസത്തിനും ക്ഷേമത്തിനായും രൂപീകരിച്ച ജില്ലാതല വിജിലൻസ് സമിതിയുടെ പ്രഥമ യോഗം ചേമ്പറിൽ ചേർന്നു. ശുചീകരണ തൊഴിലാളികളുടെ കൃത്യമായ കണക്കുകൾ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സർവേയിലൂടെ കണ്ടെത്തി ഓഗസ്റ്റ് 10നകം സമർപ്പിക്കണം. സാങ്കേതിക കോഴ്സുകൾ പഠിക്കാൻ താത്പര്യമുള്ള തൊഴിലാളികളുടെ മക്കളുടെ പൂർണമായ വിവരങ്ങളും ശേഖരിക്കണം. ജില്ലയിൽ നിലവിൽ ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഇല്ലാത്ത സാഹചര്യത്തിൽ തിരുവനന്തപുരം മുട്ടറയിലെ പ്ലാന്റിൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കും. ഈ വിഭാഗക്കാരുടെ വ്യക്തിഗത സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും നഗരസഭകൾ മുഖേന ഉറപ്പാക്കണം. ജില്ലയിലെ കമ്മ്യൂണിറ്റി റേഡിയോകളിലൂടെ ശുചീകരണ തൊഴിലാളികളുടെ ക്ഷേമത്തിനായി വിവിധ വകുപ്പുകൾ നടത്തുന്ന പദ്ധതികളെ കുറിച്ചുള്ള അവബോധ പരിപാടികളും സംഘടിപ്പിക്കാനും തീരുമാനിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ ഡി സാജു, ജില്ല ശുചിത്വമിഷൻ പ്രോഗ്രാം കോഓർഡിനേറ്റർ ജോസഫ്, ജില്ലാ പട്ടികജാതി വികസന ഓഫീസർ എസ് എസ് ബീന, സാമൂഹിക പ്രവർത്തകരായ തൊടിയൂർ രാധാകൃഷ്ണൻ, സന്തോഷ് തങ്ങൾ, പ്രിയ, വകുപ്പ്തല ഉദ്യോഗസ്ഥർ, നഗരസഭാ സെക്രട്ടറിമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ തുടങ്ങിയവർ പങ്കെടുത്തു.

## ഒന്നാം വാർഷിക നിറവിൽ നെടുമങ്ങാട് ഇന്റഗ്രേറ്റഡ് ആയുഷ് മെഡിക്കൽ യൂണിറ്റ്

**നെടുമങ്ങാട്:** നഗരസഭയിലെ കരിപ്പൂര് ഉഴപ്പാക്കോണം കേന്ദ്രമായി പ്രവർത്തിക്കുന്ന ഇന്റഗ്രേറ്റഡ് ആയുഷ് മെഡിക്കൽ യൂണിറ്റിന്റെ ഒന്നാം വാർഷികാഘോഷം ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ അനിൽ ഉദ്ഘാടനം ചെയ്തു. പ്രവർത്തനം തുടങ്ങി ഒരു വർഷത്തിനുള്ളിൽ തന്നെ ആയിരക്കണക്കിന് രോഗികൾക്ക് ആശ്വാസം പകരാൻ ഇന്റഗ്രേറ്റഡ് ആയുഷ് മെഡിക്കൽ യൂണിറ്റിന് കഴിഞ്ഞതായി മന്ത്രി പറഞ്ഞു. കിടപ്പ് ചികിത്സ, യൂനാനി ചികിത്സ, ഫിസിയോതെറാപ്പി യൂണിറ്റ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ആശുപത്രിയിൽ നടപ്പാക്കുന്നത് പരിഗണനയിലാണെന്നും മന്ത്രി അറിയിച്ചു.

നാഷണൽ ആയുഷ് മിഷൻ കേരളയുടെ ഭാഗമായുള്ള ചികിത്സാകേന്ദ്രത്തിൽ ആയുർവേദം, സിദ്ധവൈദ്യം, ഹോമിയോപ്പതി വിഭാഗങ്ങളിലായി മൂന്ന് ഡോക്ടർമാരുടെ സേവനം നിലവിൽ ലഭ്യമാണ്. പ്രതിദിനം ഇരുന്നൂറിലധികം രോഗികളാണ് ചികിത്സ തേടിയെത്തുന്നത്. സമീപകാലത്തായി യോഗ നാച്ചുറോപ്പതി യൂണിറ്റ് പ്രവർത്തനമാരംഭിച്ച് യോഗ പരിശീലനവും നൽകി വരുന്നു. ഘട്ടംഘട്ടമായി യോഗ പരിശീലനം നഗരസഭയിലെ എല്ലാ വാർഡുകളിലേക്കും വ്യാപിപ്പിക്കാനാണ് പദ്ധതി. ആഴ്ചയിൽ രണ്ട് ദിവസം രാജീവ്ഗാന്ധി ബയോടെക്നോളജി ലാബിന്റെ സേവനവും ഇവിടെ ലഭിക്കും. നഗരസഭാ ചെയർപേഴ്സൺ ശ്രീമതി സി.എസ് ശ്രീജ അധ്യക്ഷത വഹിച്ച ചടങ്ങിൽ ആയുഷ് മിഷൻ ഡയറക്ടർ സജിത് ബാബു മുഖ്യാതിഥി ആയിരുന്നു. നഗരസഭ വൈസ് ചെയർമാൻ എസ്.രവീന്ദ്രൻ, സെക്രട്ടറി ബീന.എസ്.കുമാർ, പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ പി.ഹരികേശൻ നായർ അധ്യക്ഷന്മാർ എന്നിവരും പങ്കെടുത്തു.

## കേരളോത്സവം 2023: ലോഗോ എൻട്രികൾ ക്ഷണിച്ചു

സംസ്ഥാന യുവജനക്ഷേമ ബോർഡ് കേരളോത്സവത്തിന്റെ 2023 വർഷത്തെ ലോഗോയ്ക്ക് മത്സരാടിസ്ഥാനത്തിൽ എൻട്രികൾ ക്ഷണിച്ചു. എ ഫോർ സൈസിൽ മൾട്ടി കളറിൽ പ്രിന്റ് ചെയ്ത എൻട്രികൾ ഓഗസ്റ്റ് 16 വൈകിട്ട് അഞ്ചിനകം മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്, സ്വാമി വിവേകാനന്ദ യൂത്ത് സെന്റർ, ദൂരദർശൻ കേന്ദ്രത്തിന് സമീപം, കുടപ്പനക്കുന്ന് പി ഒ എന്ന വിലാസത്തിൽ ലഭ്യമാക്കണം. കവറിനു മുകളിൽ കേരളോത്സവം 2023 ലോഗോ എന്ന് രേഖപ്പെടുത്തണം. ഫോൺ: 0471 2733139, 2733602.

## പ്രോജക്ട് ഫെല്ലോ

കേരള വനഗവേഷണ സ്ഥാപനത്തിൽ പ്രോജക്ട് ഫെല്ലോയുടെ ഒരു ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. ബോട്ടണി/പ്ലാന്റ് സയൻസിൽ ഒന്നാം ക്ലാസ് ബിരുദനാന്തര ബിരുദമാണ് യോഗ്യത. ഔഷധ സസ്യങ്ങൾ, ടിഷ്യു കൾച്ചർ ടെക്നിക്സ് എന്നിവയിലുള്ള ഗവേഷണ പരിചയം, കമ്പ്യൂട്ടർ ആപ്ലിക്കേഷനിലുള്ള അറിവ് എന്നിവ അഭികാമ്യം. താത്പര്യമുള്ള ഉദ്യോഗാർഥികൾക്ക് ഓഗസ്റ്റ് 4 ന് രാവിലെ 10 ന് അസൽ സർട്ടിഫിക്കറ്റുകൾ സഹിതം കേരള വനഗവേഷണ സ്ഥാപനത്തിന്റെ തൃശ്ശൂർ പീച്ചിയിലുള്ള ഓഫീസിൽ വെച്ച് നടത്തുന്ന വാക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കാവുന്നതാണ്.

# എയർ ഇന്ത്യ എക്സ്പ്രസ് ബ്രാൻഡിൽ വിമാന സർവ്വീസ് നടത്താൻ എയർ ഏഷ്യ ഇന്ത്യക്ക് അനുമതി



**കൊച്ചി:** എയർ ഇന്ത്യയുടെ സബ്സിഡിയറിയായ എയർ ഏഷ്യ ഇന്ത്യയ്ക്ക് എയർ ഇന്ത്യ എക്സ്പ്രസ് എന്ന ബ്രാൻഡിൽ വിമാന സർവ്വീസ് നടത്താൻ റഗുലേറ്ററി സ്ഥാപനങ്ങളുടെ അംഗീകാരം ലഭിച്ചു. ഇരു എയർലൈനുകളുടെയും കസ്റ്റമർ ടച്ച് പോയിൻറുകൾ, ഉൽപന്നങ്ങൾ, സേവനങ്ങൾ തുടങ്ങിയവ ഒരുമിപ്പിക്കുന്നത് ഉൾപ്പെടെയുള്ള സംയോജന നീക്കങ്ങൾ വേഗത്തിലാക്കുന്നതാണ് ഈ നടപടി.എയർ ഇന്ത്യ എക്സ്പ്രസിനും എയർ ഏഷ്യ ഇന്ത്യയ്ക്കും ഇരു സ്ഥാപനങ്ങളുടേയും നിയമപരമായ ലയനത്തിനു മുന്നോടിയായി വിമാന സർവീസുകൾ എയർ ഇന്ത്യ എക്സ്പ്രസ് എന്ന പൊതു ബ്രാൻഡിൽ നടത്താൻ നിയന്ത്രണ സ്ഥാപനത്തിൽ നിന്നുള്ള ഈ അംഗീകാരം അനുമതി നൽകും. കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കാൻ ഇരു കമ്പനികളുടേയും ഇതു സഹായിക്കും.സംയോജനവുമായി ബന്ധപ്പെട്ട നിരവധി നിർണായക ചുവടു വെപ്പുകളാണ് കഴിഞ്ഞ ഏതാനും മാസങ്ങളിൽ എയർ ഇന്ത്യ എക്സ്പ്രസും എയർ ഏഷ്യ ഇന്ത്യയും നടത്തിയത്. മാർച്ച് മാസത്തിൽ സംയോജിത വെബ്സൈറ്റായ മശ്യശിറശമലഃുൃലൈ.രീ അവതരിപ്പിച്ച് ഇരു എയർലൈനുകളുടേയും സേവനങ്ങൾ ഒറ്റ സംവിധാനത്തിലൂടെ അനുഭവിക്കാൻ അവസരം നൽകി.ഫ്ളൈറ്റിലെ അനുഭവങ്ങൾ മെച്ചപ്പെടുത്തുന്നതിന് എയർ ഇന്ത്യ എക്സ്പ്രസ് ഗൊർമേർ ഇൻ ഫ്ളൈറ്റ് ഡൈനിങ് മെനു അവതരിപ്പിച്ചിരുന്നു. കൂടാതെ എക്സ്പ്രസ് എഹെഡ് മുൻഗണന സേവനങ്ങൾ ഇരു എയർലൈനുകളിലേക്കും വിപുലമാക്കിയിരുന്നു. മുൻഗണനാ ചെക് ഇൻ, ബോർഡിങ്, ലഗേജ് തുടങ്ങിയവയാണ് ഇതിലൂടെ നൽകുക. മറ്റു നിരവധി സേവനങ്ങളും പൊതു സബ് ബ്രാൻഡുകളും ഇരു എയർലൈനുകളും സംയോജിപ്പിക്കും.എയർ ഇന്ത്യ എക്സ്പ്രസ് 20 ഇന്ത്യൻ നഗരങ്ങളിൽ നിന്ന് 14 അന്താരാഷ്ട്ര കേന്ദ്രങ്ങളിലേക്കാണ് സർവീസ് നടത്തുന്നത്. എയർ ഏഷ്യ ഇന്ത്യ 19 ആഭ്യന്തര കേന്ദ്രങ്ങളിലേക്കും. ഇരു ശൃംഖലകളുടേയും സംവിധാനങ്ങൾ സംയോജിപ്പിക്കുന്നത് യാത്രക്കാർക്ക് കൂടുതൽ വിപുലമായ സൗകര്യങ്ങൾ പ്രദാനം ചെയ്യും

# സൗജന്യ കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയ: വിജയാഘോഷം സംഘടിപ്പിച്ച് വിപിഎസ് ലേക്ഷോർ



**കൊച്ചി:** ജന്മനാ ശ്രവണശേഷിയില്ലാത കുട്ടികൾക്ക് വിപിഎസ് ലേക്ഷോർ നടത്തിയ സൗജന്യ കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയയുടെ വിജയം നടൻ രമേശ് പിഷാരടിക്കൊപ്പം കുട്ടികൾ ആഘോഷിച്ചു. ലേക്ഷോറിന്റെ കോർപ്പറേറ്റ് സാമൂഹിക പ്രതിബദ്ധത പദ്ധതിയുടെ ഭാഗമായാണ് അർഹതപ്പെട്ട 6 കുട്ടികൾക്ക് സർജറി നടത്തിയത്. 'സ്നേഹസ്വരം' എന്ന സൗജന്യ കോക്ലിയർ ഇംപ്ലാന്റ് പദ്ധതിയുടെ ആദ്യഘട്ടമാണ് പൂർത്തിയായത്. പൂർണമായും വിജയകരമായ ശസ്ത്രക്രിയയുടെ സ്വിച്ച് ഓൺ കർമ്മവും പൂർത്തിയായി. തുടർന്നുള്ള ഓഡിറ്ററി വെർബൽ തെറാപ്പിയും (അൗറശീ്യ ഢലൃയമഹ ഠവലൃമു്യ) വിപിഎസ് ലേക്ഷോർ സൗജന്യമായി നൽകും.ചടങ്ങിൽ മാനേജിങ് ഡയറക്ടർ എസ് കെ അബ്ദുള്ള, സീനിയർ കൺസൾട്ടന്റും ഇഎൻടി വിഭാഗ മേധാവിയുമായ ഡോ. ഇടിക്കുള കെ മാത്യൂസ്, ഡയറക്ടർ ഓഫ് മെഡിക്കൽ സർവീസസ് ഡോ. എച്ച് രമേശ്, സീനിയർ രജിസ്ട്രാറും കോക്ലിയർ ഇംപ്ലാന്റ് സർജനുമായ ഡോ. ലക്ഷ്മി രഞ്ജിത്ത് എന്നിവരും പങ്കെടുത്തു.ലേക്ഷോറിന്റെ 'സ്നേഹസ്വരം' പദ്ധതിയുടെ ഭാഗമാകുവാൻ താത്പര്യമുള്ള ഏതൊരു വ്യക്തിയോടും സംഘടനയോടും സഹകരിക്കുവാൻ തയ്യാറാണെന്ന് വിപിഎസ് ലേക്ഷോർ മാനേജിങ് ഡയറക്ടർ എസ് കെ അബ്ദുള്ള അറിയിച്ചു.നല്ലകാര്യങ്ങളിൽ പങ്കുചേരുന്നത് മനുഷ്യന്റെ കർത്തവ്യമാണ്. വിപിഎസ് ലേക്ഷോറിന്റെ ഈ സത്പ്രവൃത്തിക്കൊപ്പം നിൽക്കുവാൻ സാധിച്ചതിൽ വളരെയധികം സന്തോഷമുണ്ടെന്നും, തുടർന്നും പൂർണ്ണ പിന്തുണയുണ്ടാകുമെന്നും രമേശ് പിഷാരടി അറിയിച്ചു.കോക്ലിയർ ഇംപ്ലാന്റ് സർജനായ ഡോ. ലക്ഷ്മി രഞ്ജിത്തും ഓഡിയോളജിസ്റ്റ് ജെനീഷയും നടത്തിയ ഓടിറ്ററി വെർബൽ തെറാപ്പി ടെസ്റ്റിൽ സർജറി നടത്തിയ 6 കുട്ടികളും നന്നായി പ്രതികരിച്ചതിന് സദസ്സ് കൈയടിച്ചു.

# ദേശീയ പ്രീ സുബ്രതോ ഫുടബോൾ ചാംപ്യൻഷിപ്പ്: വടുതല ഡോൺ ബോസ്ക്കോ ജേതാക്കൾ

**കൊച്ചി:** കൽക്കട്ടയിലെ സോൾട്ട് ലേക് സ്റ്റേഡിയത്തിൽ നടന്ന അണ്ടർ 17 സി ഐ എ സ് സി ഇ നാഷണൽ പ്രീ സുബ്രതോ ഫുട്ബോൾ ചാംപ്യൻഷിപ്പ് ഫൈനൽ പോരാട്ടത്തിൽ എറണാകുളം വടുതല ഡോൺ ബോസ്ക്കോ സീനിയർ സെക്കൻ്ററി സ്കൂൾ ടീം കർണ്ണാടകയിൽ നിന്നുള്ള സെൻ്റ് ജോസഫ്സ് ബോയ്സ് സ്കൂളിനെ ഏകപക്ഷീകമായ ഒരു ഗോളിന് തകർത്ത് ചാംപ്യന്മാരായി.ഈ വിജയത്തോടെ ഡോൺ ബോസ്ക്കോ സ്കൂൾ സെപ്തബറിൽ ഡൽഹിയിൽ നടക്കുന്ന അന്താരാഷ്ട്ര ഇൻറർ സ്കൂൾ സുബ്രതോ കപ്പ് ടൂർണ്ണമെൻറിലേക്ക് യോഗ്യത നേടി. കഴിഞ്ഞ ജൂൺ മാസം തൃശൂർ കോർപ്പറേഷൻ സ്റ്റേഡിയത്തിൽ നടന്ന സംസ്ഥാന സ്കൂൾതല മത്സരത്തിൽ വിജയിച്ചാണ് ടീം ദേശീയ മത്സരത്തിന് യോഗ്യത നേടിയത്. രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും ജേതാക്കളായെത്തിയ സ്കൂൾ ടീമുകൾ മാറ്റുരച്ച മത്സരത്തിൽ പ്രതികൂല കാലാവസ്ഥയും മറികടന്നാണ് കുട്ടികൾ മികച്ച പ്രകടനം കഴ്ചവെച്ചതെന്ന് പ്രിൻസിപ്പാൾ ഫാ. കുരിയാക്കോസ് ശാസ്താകാലയും, മുഖ്യപരിശീലകൻ വിശാൽ വിൻസൻറും, ഫിസിക്കൽ എഡ്യുക്കേഷൻ മേധാവി ശ്യാംനാഥും പറഞ്ഞു. വിജയികൾക്ക് ട്രോഫിയും അമ്പതിനായിരം രൂപയുടെ ക്യാഷ് അവാർഡും ലഭിച്ചു. മത്സരം സംഘടിപ്പിച്ചത് ന്യൂഡൽഹിയിലെ കൗൺസിൽ ഫോർ ദ ഇൻഡ്യൻ സ്കൂൾ സർട്ടിഫിക്കറ്റ് എക്സാമിനേഷനാണ്. ആദ്യത്തെ ഇന്ത്യൻ ചീഫ് ഓഫ് എയർ സ്റ്റാഫ് എയർ മാർഷൽ സുബ്രതോ മുഖർജിയുടെ പേരിൽ 1960 മുതൽ എല്ലാ വർഷവും ഈ അന്താരാഷ്ട്ര ഫുട്ബോൾ ടൂർണമെൻറ് സംഘടിപ്പിച്ചുവരുന്നു. വിദേശ രാജ്യങ്ങളിൽ നിന്നുമുള്ള ചാമ്പ്യൻ സ്കൂൾ ടീമുകളുമായുള്ള അടുത്ത മത്സരങ്ങൾ ഡോൺ ബോസ്ക്കോ ടീമിൻറെ കിരീടത്തിലെ പൊൻ തൂവലാകും.

## മത്സ്യഫെഡ് വിദ്യാഭ്യാസ അവാർഡ് മികവ്2023: സംസ്ഥാനതല ഉദ്ഘാടനം നാളെ

**ആലപ്പുഴ:** മത്സ്യഫെഡിന്റെ വിദ്യാഭ്യാസ അവാർഡ് മികവ് 2023ന്റെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് വൈകിട്ട് മൂന്നിന് പൂങ്കാവ് മേരി ഇമ്മാക്കുലേറ്റ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ ഫിഷറീസ് സാംസ്കാരിക മന്ത്രി സജി ചെറിയാൻ നിർവഹിക്കും. 202223ൽ എസ്.എസ്.എൽ.സി., പ്ലസ്ടു പരീക്ഷകളിൽ ഉന്നത വിജയം കൈവരിച്ച മത്സ്യത്തൊഴിലാളികളുടെ മക്കൾക്കാണ് അവാർഡ് നൽകുന്നത്. പി.പി. ചിത്തരഞ്ജൻ എം.എൽ.എ. അധ്യക്ഷത വഹിക്കും. വി.ആർ. രമേശ് എൻഡോവ്മെന്റ് വിതരണം അഡ്വ.എ.എം.ആരിഫ് എം.പി നിർവഹിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാജേശ്വരി, മത്സ്യഫെഡ് ചെയർമാൻ ടി. മനോഹരൻ, മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർ (ഇൻ ചാർജ്) എം.എസ്. ഇർഷാദ്, ആര്യാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.ഡി. മഹീന്ദ്രൻ, മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.പി. സംഗീത, ജില്ലാ പഞ്ചായത്തംഗം ആർ.റിയാസ്, ആര്യാട് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഇന്ദിര തിലകൻ, പഞ്ചായത്തംഗം ജാസ്മിൻ ബിജു, മത്സ്യഫെഡ് ഭരണസമിതി അംഗങ്ങളായ പി.എസ്. ബാബു, ടി.എസ്. രാജേഷ്, തീരദേശ വികസന കോർപ്പറേഷൻ അംഗം പി.ഐ. ഹാരിസ്, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ രമേശ് ശശിധരൻ, സ്കൂൾ ഹെഡ്മിസ്ട്രസ് സിസ്റ്റർ ജോസ്ന, മത്സ്യഫെഡ് ജില്ലാ മാനേജർ ബി. ഷാനവാസ് തുടങ്ങിയവർ പങ്കെടുക്കും.

## പാനൽ രൂപീകരണം: അപേക്ഷിക്കാം

**ആലപ്പുഴ:** ഭൂമി ഏറ്റെക്കടുക്കൽ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ജില്ലാതല സോഷ്യൽ ഇമ്പാക്ട് അസസ്സ്മെന്റ് ഏജൻസികളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിനായി ഏജൻസികളുടെ പാനൽ രൂപീകരിക്കുന്നു. അംഗീകൃത ഏജൻസികൾ ടീം അംഗങ്ങളുടെ പേര് വിവരങ്ങൾ, യോഗ്യത, പ്രവർത്തി പരിചയ രേഖകൾ, ഫോൺ നമ്പർ, ഇമെയിൽ, വിലാസം, വെബ്സൈറ്റ് എന്നിവ സഹിതം വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ ഓഗസ്റ്റ് 14നകം ഡെപ്യൂട്ടി കളക്ടർ (സ്ഥലമെടുപ്പ്), കളക്ടറേറ്റ്, ആലപ്പുഴ എന്ന വിലാസത്തിൽ നൽകണം.

## വിജയാമൃതം പദ്ധതിയിലേക്ക് അപേക്ഷിക്കാം

**ആലപ്പുഴ:** പഠനത്തിൽ ഉന്നത വിജയം കരസ്ഥമാക്കിയ ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക് പ്രോത്സാഹനമായി കാഷ് അവാർഡ് നൽകുന്ന വിജയാമൃതം പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. 40 ശതമാനത്തിലധികം വൈകല്യമുള്ള ഭിന്നശേഷിക്കാരായ വിദ്യാർഥികളെയാണ് പരിഗണിക്കുന്നത്.ഡിഗ്രി/തത്തുല്യ കോഴ്സുകളിൽ ആർട്ട്സ് വിഷയങ്ങൾക്ക് 60 ശതമാനം മാർക്കും സയൻസ് വിഷയങ്ങൾക്ക് 80 ശതമാനം മാർക്കും പി.ജി/പ്രൊഫഷണൽ കോഴ്സുകളിൽ 60 ശതമാനത്തിലധികവും മാർക്ക് നേടിയവർക്ക് അപേക്ഷിക്കാം. 202223 അധ്യയന വർഷത്തെ മാർക്കാണ് പരിഗണിക്കുക. അപേക്ഷകർ ആദ്യ അവസരത്തിൽ തന്നെ പരീക്ഷകൾ വിജയിച്ചിരിക്കണം.സുനീതി പോർട്ടൽ (suneethi.sjd.kerala.gov.in) വഴി ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. അവസാന തീയതി ഓഗസ്റ്റ് 31. ഫോൺ: 04772253870.

## അംശാദായ കുടിശിക തീർപ്പാക്കൽ: തീവ്രയജ്ഞ പരിപാടി നടത്തും

**ആലപ്പുഴ:** മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് ലഭിക്കാനുള്ള ബോട്ട് അംശദായ കുടിശികയും മത്സ്യബന്ധന ഉപകരണങ്ങങ്ങൾക്കുള്ള അംശാദായ കുടിശികയും ഗുണഭോക്തൃ വിഹിത കുടിശികയും പിരിച്ചെടുക്കുന്നതിനായി ഓഗസ്റ്റ് 15 മുതൽ 31 വരെ തീവ്രയജ്ഞ പരിപാടി സംഘടിപ്പിക്കുന്നു. ഇതിന് മുന്നോടിയായി മത്സ്യബോർഡ് ചെയർമാൻ കൂട്ടായി ബഷീറിന്റെ അധ്യക്ഷതയിൽ മത്സ്യവകുപ്പ്, മത്സ്യഫെഡ് ജീവനക്കാരുടേയും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ജീവനക്കാരുടേയും യോഗം ചേർന്നു. അംശാദായ കുടിശിക വരുത്തിയവരിൽ നിന്നും കുടിശിക പിരിച്ചെടുക്കുന്നതിന് മത്സ്യമേഖലയിലെ ട്രേഡ് യൂണിയൻ നേതാക്കളുടെയും സഹകാരികളുടെയും മറ്റു സംഘടനാ നേതാക്കളുടെയും പ്രവർത്തകരുടെയും സഹായം തേടുന്നതിനും യോഗം തീരുമാനിച്ചു.

## ലഹരിക്കെതിരെ സ്പോർട്ട്സ് പദ്ധതിയുമായി ജില്ല പഞ്ചായത്ത്

**ആലപ്പുഴ:** സ്കൂൾ കുട്ടികളിൽ വർധിച്ചു വരുന്ന ലഹരി ഉപയോഗം കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ലഹരിക്കെതിരെ സ്പോർട്ട്സ് പദ്ധതി തുടങ്ങുമെന്ന് ജില്ല പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാജേശ്വരി അറിയിച്ചു. എല്ലാ കുട്ടികളെയും എതെങ്കിലുമൊരു കായിക ഇനത്തിൽ പങ്കാളിയാക്കുകയാണ് ലക്ഷ്യം.

# സൈബർപാർക്കിൽ ടേബിൾ ടെന്നീസ്, ചെസ് ടൂർണമെന്റുകൾ സംഘടിപ്പിച്ചു



**കോഴിക്കോട്:** കോഴിക്കോട് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഐ.ടി കമ്പനികളിലെ ജീവനക്കാരുടെ കൂട്ടായ്മയായ സത്വയും സർക്കാർ സൈബർപാർക്കും ചേർന്ന് ടേബിൾ ടെന്നീസ് ടൂർണമെന്റും ചെസ് ടൂർണമെന്റും സംഘടിപ്പിച്ചു. സർക്കാർ സൈബർപാർക്ക്, യു.എൽ സൈബർപാർക്ക്, ഹൈലൈറ്റ് ബിസ്നസ് പാർക്ക് എന്നിവിടങ്ങളിലെ ജീവനക്കാരാണ് സർക്കാർ സൈബർപാർക്കിലെ സഹ്യ ബിൽഡിങ്ങിൽ അഞ്ചു വിഭാഗങ്ങളിലായി നടന്ന ടേബിൾ ടെന്നീസ് ടൂർണമെന്റിൽ പങ്കെടുത്തത്.മിക്സഡ് ഡബിൾസിൽ ജവാദും നിമിഷയും (റൈബൺ ഡിജിറ്റൽ റിവാർഡ്സ് ഇന്ത്യ) ചാംപ്യൻമാരായി. പുരുഷ ഡബിൾസിൽ ഷാഫിയും അൻവറും (ന്യൂകോർ സോഫ്റ്റുവെയർ സൊല്യൂഷൻസ്), വിമൻ ഡബിൾസിൽ നിമിഷയും ശ്രുതിയും (റൈബൺ ഡിജിറ്റൽ റിവാർഡ്സ് ഇന്ത്യ), പുരുഷ സിംഗിൾസിൽ സച്ചിൻ (ടാറ്റ എലസി), വനിതാ സിംഗിൾസിൽ നിമിഷയും (റൈബൺ ഡിജിറ്റൽ റിവാർഡ്സ് ഇന്ത്യ) ചാംപ്യൻമാരായി.ലോക ചെസ് ദിനത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന ചെസ് സഹ്യ ചെസ് ചാംപ്യൻഷിപ്പിൽ സർക്കാർ സൈബർപാർക്കിലെ വിവിധ കമ്പനികളിലെ 24 ജീവനക്കാരാണ് പങ്കെടുക്കുന്നത്. ടൂർണമെന്റ് ജൂലൈ 31ന് സമാപിക്കും.

# കൊച്ചി വിമാനത്താവളത്തിൽ പ്രഥമശുശ്രൂഷ പരിശീലനം



കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ (സിയാൽ) സ്പോർട്സ് ആന്റ് ഇവന്റ് ഫോറം, ആസ്റ്റർ മെഡ്സിറ്റിയുമായി സഹകരിച്ച്, കൊച്ചി വിമാനത്താവള ജീവനക്കാർക്കായി 'ബി ഫസ്റ്റ്; ടു എയിഡ് ആൻഡ് സേവ് ലൈവ്സ്' പ്രഥമ ശുശ്രൂഷ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. സിയാൽ കൊമേഴ്സ്യൽ വിഭാഗം തലവനായ ജോസഫ് പീറ്റർ പരിപാടി ഉദ്ഘാടനം ചെയ്തു. ആസ്റ്റർ മെഡ്സിറ്റി എമർജൻസി വിഭാഗത്തിലെ ഡോ. ശ്രീജിത്തും സംഘവും പരിശീലനത്തിന് നേതൃത്വം നൽകി. പരിപാടിയിൽ ഗ്രൗണ്ട് ഹാൻഡ്‌ലിംഗ്, എഞ്ചിനീയറിംഗ്, എയർലൈൻസ്, സിഐഎസ്എഫ്, എഫ് ആൻഡ് ബി, സെക്യൂരിറ്റി, ബോഐ, സിഐഎസ്എഫ്, പോലീസ്, ഹൗസ് കീപ്പിംഗ്, സിയാൽ സ്റ്റാഫ് തുടങ്ങി സിയാലിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികളിൽ നിന്നായി ആയിരത്തോളം പേർ പങ്കെടുത്തു. മുതിർന്നവരിലും കുട്ടികളിലും കാർഡിയോ പൾമണറി റെസസിറ്റേഷൻ (സി.പി.ആർ) ഫലപ്രദമായി നടത്താനുള്ള പരിശീലനം; ശ്വാസംമുട്ടൽ, പാമ്പുകടി, എന്നിങ്ങനെയുള്ള അടിയന്തിര സാഹചര്യങ്ങളിൽ ചെയ്യേണ്ട പ്രഥമ ശുശ്രൂഷകളെക്കുറിച്ചും, പരിശീലനം നൽകി. എയർപോർട്ട് ഡയറക്ടർ മനു ജി., സിയാൽ ഉദ്യോഗസ്ഥരായ സജി കെ ജോർജ്ജ് (എക്സി. ഡയറക്ടർ & കമ്പനി സെക്രട്ടറി ), ജയരാജൻ വി. (എച്ച്. ആർ ഹെഡ്), സജി ഡാനിയൽ (സി.എഫ്.ഒ), സന്തോഷ് എസ്. (ഐടി & കമ്മ്യൂണിക്കേഷൻസ് ഹെഡ്), രാജുമോൻ പി. സി. (ഇലക്ട്രിക്കൽ ഹെഡ്), രവീന്ദ്രനാഥ് വി. ജി (സീനിയർ മാനേജർ, സെക്യൂരിറ്റി ) എന്നിവർ ചടങ്ങിൽ സംസാരിച്ചു. പങ്കെടുത്ത എല്ലാവർക്കും ഇ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

# പൊതുഗതാഗതം മെച്ചപ്പെടുത്തൽ; അത്യാധുനിക ലോ ഫ്ളോർ ബസുകളുമായി ടാറ്റ

**ബംഗളൂരു:** ബെംഗളൂരു നഗരത്തിൽ മികച്ചതും സുരക്ഷിതവും പരിസ്ഥിതി സൗഹൃദവുമായ യാത്ര ഒരുക്കാൻ ടാറ്റാ മോട്ടോഴ്സ്. ടാറ്റ മോട്ടോഴ്സിന്റെ പൂർണ ഉടമസ്ഥതയിലുള്ള ടിഎംഎൽ സ്മാർട്ട് സിറ്റി മൊബിലിറ്റി സൊല്യൂഷൻസ് ലിമിറ്റഡും ബിഎംടിസിയും തമ്മിൽ ഒപ്പുവച്ച വലിയ ധാരണപത്രത്തിന്റെ ഭാഗമായി, 12 മീറ്റർ നീളമുള്ള അത്യാധുനിക ലോ ഫ് ളോർ ഇലക്ട്രിക് ബസുകളാണ് നഗരത്തിൽ സർവീസ് നടത്തുക. ഇതിന്റെ ഫ് ളാഗ് ഓഫ് കർണാടക ഗതാഗത മന്ത്രി രാമലിംഗ റെഡ്ഡി നിർവഹിച്ചു. 12 വർഷത്തേക്കാണ് വാഹനങ്ങളുടെ നിർമ്മാണത്തിനും നടത്തിപ്പിനുമുള്ള ചുമതല ടാറ്റാ മോട്ടോഴ്സിനെയേൽപ്പിച്ചിരിക്കുന്നത്. സുസ്ഥിരവും സുഖപ്രദവുമായ യാത്രയ്ക്കായിതദ്ദേശീയമായി വികസിപ്പിച്ച മികച്ച ഡിസൈനും ഇൻക്ലാസ് സവിശേഷതകളുമുള്ള ബസാണ് ടാറ്റാ സ്റ്റാർബസ് ഇവിയെന്ന് ടാറ്റാ അധികൃതർ പറഞ്ഞു.മികവുറ്റ ഡിസൈനിന് പുറമെ നൂതനമായ സുരക്ഷ ഫീച്ചറുകൾ ഊർജ്ജക്ഷമതയുള്ള ഇലക്ട്രിക് ഡ്രൈവ്ട്രെയിൻ എന്നിവയാണ് ടാറ്റാ സ്റ്റാർബസ് ഇവിയുടെ മറ്റ് പ്രധാന സവിശേഷതകൾ. സീറോ ടെയിൽ പൈപ്പ് എമിഷനിലൂടെ അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിനും കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം ലഘൂകരിക്കുന്നതിനും ഇബസ് പ്രധാന പങ്കുവഹിക്കും. ന്യൂജെൻ ഇലക്ട്രിക് പവർട്രെയിൻ, അഡ്വാൻസ്ഡ് ഇന്റഗ്രേറ്റഡ് ട്രാൻസ്പോർട്ട് സിസ്റ്റം, ഇലക്ട്രോണിക് സ്റ്റെബിലിറ്റി കൺട്രോൾ, ഇലക്ട്രോണിക് ബ്രേക്ക് ഡിസ്ട്രിബ്യൂഷൻ, അഡ്വാൻസ്ഡ് ടെലിമാറ്റിക്സ് സിസ്റ്റം, 35 യാത്രക്കാർക്ക് സുഖപ്രദമായ ഇരിപ്പിടങ്ങൾ എന്നിവയും എടുത്തു പറയേണ്ട മറ്റ് സവിശേഷതകളാണ്. ലോഫ്ളോർ കോൺഫിഗറേഷനിൽ യാത്രക്കാർക്ക് സുരക്ഷിതമായി എളുപ്പത്തിൽ അകത്തേക്ക് പ്രവേശിക്കാനും തിരിച്ചിറങ്ങാനും സാധിക്കും. ഇന്ത്യയിലെ വിവിധ നഗരങ്ങളിൽ ഇതിനോടകം 900ത്തിലധികം ഇലക്ട്രിക് ബസുകളാണ് ഇത്തരത്തിൽ വിതരണം ചെയ്തിരിക്കുന്നത്. എട്ട് കോടിയിലധികം കിലോമീറ്ററുകൾ ഈ വാഹനങ്ങൾ യാത്ര പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഉയർന്ന നിലവാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന ടാറ്റ മോട്ടോഴ്സിന്റെ ഇലക്ട്രിക് ബസ് പ്രോട്ടോടൈപ്പ് ഫ് ളാഗ് ഓഫ് ചെയ്യുന്നതിൽ സന്തോഷമുണ്ടെന്ന് ബെംഗളൂരു മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ, ജി സത്യവതി പറഞ്ഞു. ആദ്യത്തെ സ്മാർട്ട് ഇലക്ട്രിക് ബസ് ബെംഗളൂരുവിൽ ഫ് ളാഗ് ഓഫ് ചെയ്യുന്നതിൽ സന്തോഷമുണ്ടെന്ന് ടിഎംഎൽ സ്മാർട്ട് സിറ്റി മൊബിലിറ്റി സൊല്യൂഷൻസ് ലിമിറ്റഡ് സിഇഒയും എംഡിയുമായ അസിം കുമാർ മുഖോപാധ്യായയും പറഞ്ഞു.

# വസ്ത്രങ്ങൾ കൊണ്ട് ഭീമൻ പൂക്കളം മാതൃക തീർത്ത് മാക്സ്



**കൊച്ചി :** ഇന്ത്യയിലെ ഏറ്റവും വലിയ സ്റ്റോർ കൊച്ചിയിൽ പ്രവർത്തനം ആരംഭിക്കുന്നതിനോട് അനുബന്ധിച്ച് ഓണത്തെ വരവേറ്റു കൊണ്ട് മാക്സ് ഫാഷൻ ലോകത്തിലെ ഏറ്റവും വലിയ പൂക്കളം മാതൃക വസ്ത്രങ്ങളിൽ തീർത്തു ചരിത്രം സൃഷ്ടിച്ചു. കൊച്ചി മറൈൻ ഡ്രൈവിൽ പ്രത്യേകം സജ്ജമാക്കിയ വേദിയിൽ 6400 ചതുരശ്ര അടിയുടെ വസ്ത്രക്കളം തീർത്താണ് മാക്സ് നവ്യാനുഭവം തീർത്തത്. വിവിധ വർണ്ണങ്ങളിലും ഫാഷനുകളിലുമുള്ള മാക്സിന്റെ എണ്ണായിരത്തിലധകം വസ്ത്രങ്ങളാലാണ് വസ്ത്ര പൂക്കളം ഒരുക്കിയത്. സിനിമ കലാസംവിധായിക ദുന്ദു ക്യൂറേറ്റ് ചെയ്ത് വസ്ത്രക്കളം ഫാഷന്റെയും സംസ്കാരത്തിന്റെയും സമന്വയമായി മാറി. കഥകളി രൂപ മാതൃകയിൽ പൂർത്തിയാക്കിയ വസ്ത്രക്കളത്തിന്റെ ഉദ്ഘാടനം ചലച്ചിത്ര താരം ഹണി റോസ് നിർവഹിച്ചു. മനോഹരമായ ഓണക്കളം മാതൃക വസ്ത്രങ്ങളിൽ തീർത്തു ചരിത്രം സൃഷ്ടിക്കുകയും ഒപ്പം വലിയൊരു കാരുണ്യപ്രവർത്തനത്തിന നേതൃത്വം നൽകുകയും ചെയ്ത് മാക്സ് ഫാഷൻ മാതൃകയായി മാറിയിരിക്കുകയാണെന്ന് ഹണി റോസ് പറഞ്ഞു. വസ്ത്രവിപണിയിൽ തങ്ങളുടേതായ സ്ഥാനം നേടാൻ കഴിഞ്ഞ മാക്സിന്റെ സ്വീകാര്യത സാമുഹ്യ ഇടപ്പെടലിലൂടെ വർധിച്ചിരിക്കുകയാണെന്നും ഹണി റോസ് പറഞ്ഞു. പൂക്കളം മാതൃകയ്ക്കായി ഉപയോഗിച്ച വസ്ത്രങ്ങൾ ഉൾപ്പെടെ പതിനായിരത്തോളം വസ്ത്രങ്ങൾ നിർധനരായ കുട്ടികൾക്ക് ചാരിറ്റി സന്നദ്ധ സംഘടനകൾ വഴി ഓണപുടവകളായി വിതരണം ചെയ്യും. പ്രത്യേകം ക്ഷണിക്കപ്പെട്ട കുട്ടികളുടെ സാന്നിധ്യത്തിലായിരുന്നു ഉദ്ഘാടനചടങ്ങ്. മാക്സ് ഫാഷൻ റിജിയണൽ ഹെഡ് അനീഷ് കുമാർ, സീനിയർ വൈസ് പ്രസിഡന്റ് വൈഭവ്, റിജിയണൽ മാർക്കറ്റിങ് മാനേജർ ജിത്തു ടി.എസ്, ജനറൽ മാനേജർ (മാർക്കറ്റിങ് )സുനിൽ ചൗഹാൻ, മാർക്കറ്റിങ് മാനേജർ രഞ്ജിത്ത് കൃഷ്ണൻ, സിനിമ കലാസംവിധായിക ദുന്തു, എസ്.ഒ.എസ് വില്ലേജ് പ്രതിനിധി ഡാലിയ എന്നിവർ ചടങ്ങിൽ സംസാരിച്ചു.

# കോതമംഗലത്തെ മൂന്ന് റോഡുകൾ കൂടി ആധുനിക നിലവാരത്തിലേക്ക്

**കോതമംഗലം:** കോതമംഗലം മണ്ഡലത്തിലെ മൂന്നു റോഡുകൾ കൂടി ആധുനിക നിലവാരത്തിലേക്ക് ഉയരുകയാണ്. ഭൂതത്താൻകെട്ട് വടാട്ടുപാറ, പള്ളിപ്പടി തെക്കേ വെണ്ടുവഴി മലേപ്പീടിക, കോഴിപ്പിള്ളി വാരപ്പെട്ടി എന്നീ മൂന്ന് റോഡുകളാണ് ആധുനിക നിലവാരത്തിൽ നവീകരിക്കുന്നത്. ബി.എം.ബി.സി നിലവാരത്തിലാണ് റോഡുകളുടെ നവീകരണം. ആവശ്യമുള്ള ഇടങ്ങളിൽ കൾവർട്ടുകളും ഡ്രൈനേജ് സംവിധാനങ്ങളും നിർമ്മിക്കും. റോഡ് സുരക്ഷയുടെ ഭാഗമായി മുന്നറിയിപ്പ് ബോർഡുകൾ, സ്റ്റഡ് ,റോഡ് മാർക്കിങ്ങ് അടക്കമുള്ള ക്രമീകരങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ട്. ഏകദേശം പത്തു കോടി രൂപയാണ് റോഡുകളുടെ നവീകരണത്തിനായി അനുവദിച്ചിട്ടുള്ളത്. കാലാവർഷത്തിന് ശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുമെന്നും സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുമെന്നും ആന്റണി ജോൺ എം.എൽ.എ പറഞ്ഞു.

# ഭക്ഷണത്തിന്റെ പ്രാധാന്യം: ബോധവൽക്കരണവുമായി കാലിഫോർണിയ ബദാം ബോർഡ്




**കൊച്ചി:** ശ്രദ്ധാപൂർവമായ ഭക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഉപഭോക്താക്കളെ ബോധവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെ, കാലിഫോർണിയയിലെ ബദാം ബോർഡ്. 'ശ്രദ്ധയോടെ ഭക്ഷണം കഴിക്കുന്നതിന് മുൻഗണന നൽകുക: സമഗ്രമായ കുടുംബാരോഗ്യത്തിനുള്ള പുതിയ മന്ത്രം' എന്ന പേരിൽ നടത്തിയ ചർച്ചയിൽ ടെലിവിഷൻ, ചലച്ചിത്ര നടി ഗായത്രി അരുൺ, ന്യൂട്രീഷനിസ്റ്റ് ആന്റ് വെൽനസ് കൺസൾട്ടന്റ് ഷീല കൃഷ്ണസ്വാമി എന്നിവർ പങ്കെടുത്തു. ആർ ജെ ശ്രുതി മോഡറേറ്റർ ആയിരുന്നു.ജോലിയുടെ സമ്മർദ്ധം, ഉപഭോഗ രീതികൾ, ശീലങ്ങൾ തുടങ്ങിയ ജീവിതശൈലി മൂലം ആളുകൾ അമിതമായി ഭക്ഷണം കഴിക്കുന്നതും മധുരപലഹാരങ്ങൾ, പഞ്ചസാര അധിഷ്ഠിത ഭക്ഷണങ്ങൾ എന്നിവ പോലുള്ള കലോറി അടങ്ങിയ ഭക്ഷണങ്ങൾ കഴിക്കുന്നതും നിയന്ത്രിക്കുന്നതിന് ബദാം പോലുള്ള ഭക്ഷണങ്ങൾ സഹായിക്കും. ആയിരക്കണക്കിന് വർഷങ്ങളായി ഇന്ത്യൻ പാരമ്പര്യങ്ങളുടെയും ഭക്ഷണശീലങ്ങളുടെയും ഭാഗമായ ബദാം വിറ്റാമിൻ ഇ, മഗ്നീഷ്യം, പ്രോട്ടീൻ, റൈബോഫ്ലേവിൻ, സിങ്ക് തുടങ്ങിയ 15 പോഷകങ്ങളുടെ ഉറവിടമാണ്. പ്രോട്ടീനും, ഡയറ്ററി ഫൈബറും അടങ്ങിയ ബദാം, രക്തത്തിലെ പഞ്ചസാരയുടെ അളവ് നിലനിർത്താനും ടൈപ്പ് 2 പ്രമേഹമുള്ളവരിൽ രക്തത്തിലെ പഞ്ചസാരയുടെ നിയന്ത്രണം മെച്ചപ്പെടുത്താനും സഹായിക്കാനും എങ്ങനെ കഴിയുമെന്നും ചർച്ചയിൽ പങ്കെടുത്തവർ ചൂണ്ടിക്കാട്ടി. തിരക്കേറിയ ഷെഡ്യൂളുകൾക്ക് പേരുകേട്ട ഷോബിസിൽ ആരോഗ്യകരമായ ജീവിതശൈലി നയിക്കുക എന്നത് വെല്ലുവിളിയാണെന്ന് നടി ഗായന്ത്രി അരുൺ പറഞ്ഞു. ശ്രദ്ധാപൂർവം ലഘുഭക്ഷണം കഴിക്കുകയും പോഷകങ്ങൾ അടങ്ങിയ ഭക്ഷണങ്ങൾ എന്റെ ഭക്ഷണത്തിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നു. എന്റെ ഓപ്ഷനുകളിലൊന്ന് ബദാം ആണ്. ബദാം ആരോഗ്യകരമായ ലഘുഭക്ഷണ ഓപ്ഷനാണെന്നും ഗായന്ത്രി അരുൺ ചൂണ്ടിക്കാട്ടി.ഒരാൾ എന്താണ് കഴിക്കുന്നത് എന്നതിനെക്കുറിച്ചുള്ള അവബോധമുൾക്കൊണ്ട് മനസ്സോടെ ഭക്ഷണം കഴിക്കുന്നത് ശീലമാക്കേണ്ടത് പ്രധാനമാണെന്ന് ന്യൂട്രീഷൻ ആന്റ് വെൽനസ് കൺസൾട്ടന്റ് ഷീല കൃഷ്ണസ്വാമി പറഞ്ഞു.ഉത്കണ്ഠയും വിഷാദവും, ഭക്ഷണ ക്രമക്കേടുകൾ, ഭക്ഷണത്തോടുള്ള ആസക്തി, ശരീരഭാരം കുറയ്ക്കൽ എന്നിവയുൾപ്പെടെ, ശ്രദ്ധാപൂർവമായ സ്വയം അവബോധം വർദ്ധിപ്പിക്കുന്ന ഇടപെടൽ വിദ്യകൾ ക്ഷേമം മെച്ചപ്പെടുത്തുമെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. ലണ്ടനിലെ കിംഗ്സ് കോളേജിലെ ഗവേഷകർ നടത്തിയ പഠനത്തിൽ ബദാം ലഘുഭക്ഷണം മാനസിക പിരിമുറുക്കത്തിന് മറുപടിയായി ഹൃദയമിടിപ്പിന്റെ വ്യതിയാനം മെച്ചപ്പെടുത്തുമെന്ന് കണ്ടെത്തി. ബദാം, പലതരം പഴങ്ങൾ, പച്ചക്കറികൾ തുടങ്ങിയ പോഷക സമ്പുഷ്ടമായ ഭക്ഷണങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരാൾക്ക് ശ്രദ്ധാപൂർവമായ ലഘുഭക്ഷണം പരിശീലിക്കാൻ തുടങ്ങാം. പ്രോട്ടീൻ, വൈറ്റമിൻ ഇ, മഗ്നീഷ്യം, റൈബോഫ്ലേവിൻ, സിങ്ക് തുടങ്ങിയ പോഷകങ്ങളുടെ ഉറവിടമാണ് ബദാം, നല്ല കൊഴുപ്പുകളിലൂടെ ഊർജം നൽകുമെന്ന് അറിയപ്പെടുന്നു, ഇത് അവയെ ആരോഗ്യകരവും എന്നാൽ രുചികരവുമാക്കുന്നു. ശീലങ്ങൾ തകർക്കാൻ പ്രയാസമാണെങ്കിലും, ദീർഘകാലാടിസ്ഥാനത്തിൽ സമ്പൂർണ ആരോഗ്യം ഉറപ്പാക്കാൻ കുടുംബങ്ങൾക്കുള്ള ഏറ്റവും നല്ല മാർഗങ്ങളിലൊന്നാണ് ഭക്ഷണ ശീലങ്ങൾ പരിഷ്ക്കരിക്കുന്നതും ശരിയായ ജീവിതശൈലി ക്രമീകരിക്കുന്നതും. ഭാരം കുറഞ്ഞതും ഊർജസ്വലതയും അനുഭവപ്പെടുന്നതിനു പുറമേ, കാലക്രമേണ നിലനിർത്തുന്ന ആരോഗ്യകരമായ ജീവിതശൈലി, ഇന്ത്യയിൽ വർദ്ധിച്ചുവരുന്ന വിട്ടുമാറാത്ത ജീവിതശൈലി രോഗങ്ങളുടെ അപകടസാധ്യത കുറയ്ക്കുന്നതിനും സഹായിക്കും. ദിവസേന ഒരു പിടി ബദാം പോലുള്ള പോഷകസമൃദ്ധമായ ഭക്ഷണങ്ങൾ ഉൾപ്പെടുത്തുന്നത് പോലുള്ള ചെറിയ ഭക്ഷണ, ജീവിതശൈലി മാറ്റങ്ങൾ നമ്മുടെ ജീവിതത്തിൽ ആരോഗ്യകരമായ മാറ്റമുണ്ടാക്കുമെന്നും ഷീല കൃഷ്ണസ്വാമി പറഞ്ഞു.

# സാൻഡൽവുഡ് ഓയിൽ ആന്റ് പാച്ചൗളി ജെൽ ബാർ പുറത്തിറക്കി ഫിയാമ




**കൊച്ചി:** ഇന്ത്യയിലെ മുൻനിര പേഴ്സണൽ വാഷ് ബ്രാൻഡുകളിലൊന്നായ ഐടിസിയുടെ ഫിയാമ, അതുല്യമായ ഫിയാമ സാൻഡൽവുഡ് ഓയിൽ & പാച്ചൗളി ജെൽ ബാർ വാഷ് പുറത്തിറക്കി. ഫിയാമയുടെ ബ്രാൻഡ് അംബാസഡർ രശ്മിക മന്ദാനയാണ് ഈ പുതിയ ജെൽ ബാർ പുറത്തിറക്കിയത്. ചർമ്മത്തിന് മൃദുത്വവും തിളക്കവും നൽകാനുതകുന്ന സമ്പന്നവും ആഡംബരപൂർണ്ണവുമായ ഒരു ചന്ദന മിശ്രിതമാണ് ഫിയാമ സാൻഡൽ ഓയിൽ & പാച്ചൗളി ജെൽ ബാറിലുള്ളത്. കൂടാതെ ഓരോ കുളിയിലും പച്ചൗളി പുതുമയും ചൈതന്യവും പകരുകയും ചെയ്യുന്നു. ഡെർമറ്റോളജിസ്റ്റുകൾ പരിശോദിച്ചു സാക്ഷ്യപ്പെടുത്തിയ പുതിയ ജെൽ ബാർ 95 രൂപ വിലയുള്ള ഒരു 125 ഗ്രാം പായ്ക്ക്, ഒരു പാക്കിൽ 375 ഗ്രാം മൂന്നെണ്ണത്തിന്റെ പായ്ക്കിന് 265 രൂപ; ഒരു പായ്ക്കിൽ 750 ഗ്രാം 6ന്റെ പായ്ക്കിന് 530 രൂപ എന്നീ വിലകളിൽ പ്രമുഖ റീട്ടെയിൽ ഔട്ട്ലെറ്റുകളിലും ഓൺലൈനിലും ഇന്ത്യയിലുടനീളമുള്ള സ്റ്റോറുകളിലും ലഭ്യമാണ്.ഫിയാമ സാൻഡൽ അതിന്റെ നൂതനമായ ജെൽ ബാർ ഫോർമാറ്റും ആധുനികവും എന്നാൽ പാരമ്പര്യം കാത്തുസൂക്ഷിക്കുന്ന സവിശേഷമായ ചേരുവ മിശ്രിതവും കൊണ്ട് സെഗ്മെന്റിനെ തടസ്സപ്പെടുത്തുന്നുവെന്നും പുതിയ അനുഭവമാണ് ഉൽപ്പന്നം വാഗ്ദാനം ചെയ്യുന്നതെന്നും ഐടിസി ലിമിറ്റഡിലെ പേഴ്സണൽ കെയർ പ്രൊഡക്ട്സ് ബിസിനസ് വിഭാഗം ഡിവിഷണൽ ചീഫ് എക്സിക്യൂട്ടീവ് സമീർ സത്പതി പറഞ്ഞു.ഫിയാമ സാൻഡലും അത് അവതരിപ്പിക്കുന്ന രീതിയും ഒരു സാധാരണ സാൻഡൽ സോപ്പിനെക്കുറിച്ചുള്ള എല്ലാ സങ്കൽപ്പങ്ങളെയും തകർക്കുന്നതാണെന്നും ആവേശകരമായ യാത്രയുടെ ഭാഗമാകുന്നതിൽ അഭിമാനിക്കുന്നതായും ഫിയാമയുടെ ബ്രാൻഡ് അംബാസഡർ രശ്മിക മന്ദാന കൂട്ടിച്ചേർത്തു.

# ഓണക്കാലത്തെ വിലക്കയറ്റം നിയന്ത്രിക്കണം : കെ.എച്ച്.ആർ.എ

**കൊച്ചി:** ആവശ്യസാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുവാൻ സർക്കാരിന്റെ വിപണിയിലെ ഇടപെടൽ കാര്യക്ഷമമാക്കണമെന്ന് കേരള ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷൻ ആവശ്യപ്പെട്ടു. പച്ചക്കറികൾക്കും, പലവ്യഞ്ജനങ്ങൾക്കും, ഭക്ഷ്യഎണ്ണകൾക്കുമെല്ലാം വിലവർദ്ധിച്ചിരിക്കുകയാണ്. ഓണക്കാലമാകുന്നതോടെ ഇനിയും വില വർദ്ധിച്ചേക്കാം. എല്ലാ ഉത്സവ സീസണുകളിലും ആവശ്യസാധനങ്ങളുടെ വില ഉയരാറുണ്ട്. എന്നാൽ സംസ്ഥാനത്ത് ഓണസീസൺ ആകുന്നതിനുമുൻപ്തന്നെ വില ഉയർന്നുനിന്നാൽ ഓണമാകുമ്പോൾ ഇനിയും വില ഉയരാതിരിക്കുവാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കണമെന്ന് കേരള ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷൻ പ്രസിഡന്റ് ജി. ജയപാലും ജനറൽസെക്രട്ടറി കെ. പി. ബാലകൃഷ്ണ പൊതുവാളും ആവശ്യപ്പെട്ടു.

# ആക്സിസ് ബാങ്കിന്റെ 'ക്ലീൻ എ തോൺ ' ഏഷ്യ ബുക്ക് ഓഫ് റെക്കോർഡ്സിൽ

**കൊച്ചി:** ആക്സിസ് ബാങ്ക് 2023ലെ ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് രാജ്യവ്യാപകമായി സംഘടിപ്പിച്ച ശുചിത്വ പരിപാടിയായ 'ക്ലീൻഎതോൺ' ഏഷ്യ ബുക്ക് ഓഫ് റെക്കോർഡ്സിൽ ഇടം പിടിച്ചു. പരമാവധി ജലാശയങ്ങൾ വൃത്തിയാക്കിയതിനും മലിനമായ ജലാശയങ്ങളിൽ നിന്ന് ഗണ്യമായ അളവിൽ മാലിന്യം നീക്കം ചെയ്യുന്നതിനുമുള്ള ബാങ്കിന്റെ സംഭാവനയ്ക്കാണ് ഈ അംഗീകാരം.ഒരാഴ്ച നീുനിന്ന ശുചീകരണ പരിപാടിയ്ക്ക് രാജ്യവ്യാപകമായി നേതൃത്വം നൽകുന്നതിന് ആക്സിസ് ബാങ്ക് 14 എൻജിഒകളുമായി സഹകരിച്ചു. ഇന്ത്യയിലെ 18 നഗരങ്ങളിലായി 22 ജലാശയങ്ങൾ ശുചീകരിക്കാൻ 3,700ലധികം സന്നദ്ധപ്രവർത്തകർ ഈ പരിപാടിയിൽ പങ്കെടുത്തു. കൂട്ടായ പരിശ്രമത്തിലൂടെ ഈ ജലാശയങ്ങളിൽ നിന്ന് 12,794 കിലോഗ്രാം മാലിന്യം നീക്കം ചെയ്തു.ഏഷ്യ ബുക്ക് ഓഫ് റെക്കോർഡ്സ് അഭിമാനകരമായ നിമിഷമാണ്. സുസ്ഥിരത പ്രോത്സാഹിപ്പിക്കുന്നതിനും സമൂഹത്തിൽ നല്ല സ്വാധീനം ചെലുത്തുന്നതിനും ആക്സിസ് ബാങ്ക് പ്രതിജ്ഞാബദ്ധമാണെന്ന് ആക്സിസ് ബാങ്കിൻറെ ബ്രാഞ്ച് ബാങ്കിംഗ്, റീട്ടെയിൽ ലയബിലിറ്റീസ് & പ്രൊഡക്റ്റ് ഗ്രൂപ്പ് എക്സിക്യൂട്ടീവ് രവി നാരായണൻ പറഞ്ഞു.

# ഐസിഐസിഐ പ്രു പ്രൊട്ടക്റ്റ് എൻ ഗെയിൻ അവതരിപ്പിച്ചു

**തൃശൂർ:** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് സമഗ്ര ലൈഫ് പരിരക്ഷ നൽകുന്നതും അപകട മരണത്തിനും അപകടത്തിലൂടെയുള്ള സ്ഥിരം വൈകല്യങ്ങൾക്കും എതിരെ പരിരക്ഷ നൽകുന്നതുമായ നവീന പദ്ധതിയായ ഐസിഐസിഐ പ്രു പ്രൊട്ടക്റ്റ് എൻ ഗെയിൻ പുറത്തിറക്കി. ദീർഘകാല സമ്പത്തു സൃഷ്ടിക്കാനും സാമ്പത്തിക ലക്ഷ്യങ്ങൾ നേടാനും സഹായിക്കുന്ന വിപണി ബന്ധിത വരുമാനം ലഭ്യമാക്കുന്ന പദ്ധതിയാണിത്.വാർഷിക പ്രീമിയത്തിൻറെ 100 ശതമാനം വരെ പരിരക്ഷ നൽകുന്ന പദ്ധതിയാണിത്. ഓഹരി, കടപത്ര വിഭാഗങ്ങളിലായുള്ള 18 വിഭാഗങ്ങളിൽ നിന്നു തെരഞ്ഞെടുപ്പു നടത്തി വരുമാനം വർധിപ്പിക്കാനുള്ള അവസരവും ഇത് ഉപഭോക്താക്കൾക്കു നൽകുന്നു. ദീർഘകാല സമ്പാദ്യവും പരിരക്ഷയും സംയോജിപ്പിച്ച് സമ്പൂർണ സാമ്പത്തിക പരിരക്ഷ ലഭ്യമാക്കി സാമ്പത്തിക ലക്ഷ്യങ്ങൾ നേടാൻ ഇതു സഹായിക്കും. പോളിസി കാലയളവിൽ കുടുംബത്തിനു സമ്പൂർണ സാമ്പത്തിക പരിരക്ഷയും കാലാവധിക്കു ശേഷം ഉപഭോക്താവിന് ഗണ്യമായ ഒറ്റത്തുകയും നൽകും. 45 വയസിനു താഴെയുള്ള ഉപഭോക്താക്കൾ വൈദ്യ പരിശോധന ആവശ്യമില്ല. വാർഷിക പ്രീമിയത്തിന്റെ 100 മടങ്ങു വരെ ലൈഫ് പരിരക്ഷ നൽകുന്ന നവീന പദ്ധതിയായ ഐസിഐസിഐ പ്രു പ്രൊട്ടക്റ്റ് എൻ ഗെയിൻ അവതരിപ്പിക്കുന്നതിൽ തങ്ങൾക്ക് സന്തോഷമുണ്ടെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ചീഫ് ഡിസ്ട്രിബ്യൂഷൻ ഓഫിസർ അമിത് പാൽട പറഞ്ഞു.

# ഡിമിസ്റ്റിഫയിങ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്: സെമിനാറുമായി പ്രതിധ്വനി

**തിരുവനന്തപുരം:** ഐ.ടി ജീവനക്കാരുടെ ക്ഷേമ സംഘടനയായ പ്രതിധ്വനിയുടെ ടെക്നിക്കൽ ഫോറം സംഘടിപ്പിക്കുന്ന ഈ മാസത്തെ സെമിനാറിൽ 'ഡെമിസ്റ്റിഫയിങ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്' എന്ന വിഷയം ചർച്ച ചെയ്യും.ടെക്നോപാർക്കിലെ പാർക്ക് സെന്ററിലെ ട്രാവൻകൂർ ഹാളിൽ ജൂലൈ 29ന് രാവിലെ ഒൻപതു മുതൽ വൈകുന്നേരം അഞ്ചു വരെ നടക്കുന്ന സെമിനാറിന് ഉഷ രംഗരാജു (എക്സ പ്രോട്ടോകോൾ, ബെംഗളൂരു, ചീഫ് ഓഫ് റിസർച്ച്) നേതൃത്വം നൽകും. മെഷീൻ ലേർണിംഗ്, കംപ്യൂട്ടർ വിഷൻ യൂസിങ് ഡീപ് ലേർണിംഗ്, ജനറേറ്റീവ് എ.ഐ എന്നിങ്ങനെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്യും. ഐ.ടി പ്രൊഫഷണലുകൾക്കും വിദ്യാർത്ഥികൾക്കും സൗജന്യമായി പങ്കെടുക്കാം. രജിസ്ട്രേഷന്:
https://www.eventbrite.com/e/demystifying-artificial-intelligence-session-ticket-tickets-674368784187?aff=oddtdtcreator

# മത്സ്യമേഖലയിലെ സ്ത്രീശാക്തീകരണം;അടുത്തറിഞ്ഞ് യുഎസ് വിദ്യാർത്ഥികൾ

**കൊച്ചി:** കേരളത്തിലെ മത്സ്യമേഖലയിൽ സ്ത്രീകളുടെ നേതൃത്വത്തിൽ നടന്നുവരുന്ന ചെറുകിടസംരംഭങ്ങൾക്ക് പ്രശംസചൊരിഞ്ഞ് അമേരിക്കൻ വിദ്യാർത്ഥികൾ. സംസ്ഥാനത്തിന്റെ മത്സ്യമേഖലയെ കുറിച്ച് മനസ്സിലാക്കുന്നതിനായി സന്ദർശനത്തിനെത്തിയ അമേരിക്കയിലെ മിഷിഗൺ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ (എംഎസ് യു)നിന്നുള്ള 10 വിദ്യാർത്ഥികളും രണ്ട് അധ്യാപകരുമാണ് മത്സ്യമേഖലയിലെ സ്ത്രീശാക്തീകരണ മാതൃക അടുത്തറിഞ്ഞത്. തീരമൈത്രി യൂണിറ്റുകൾ, സ്വയംസഹായക വനിതാസംഘങ്ങൾ തുടങ്ങിയവയുടെ നേതൃത്വത്തിൽ മത്സ്യകൃഷി, കൂടുകൃഷി, കല്ലുമ്മക്കായ കൃഷി, മൂല്യവർധിത ഉൽപാദനം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന വനിതാസംരംഭങ്ങൾ സംഘത്തെ ആകർഷിച്ചു. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനവും (സിഎംഎഫ്ആർഐ) മിഷിഗൺ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയും തമ്മിലുള്ള ധാരണയുടെ അടിസ്ഥാനത്തിലാണ് വിദ്യാർത്ഥികളുടെ കേരളത്തിലൂടെയുള്ള പഠനപരിശീലനയാത്ര. മത്സ്യമേഖലയെ കുറിച്ചും ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നവരുടെ സാമൂഹികസാമ്പത്തിക നിലവാരം മനസ്സിലാക്കാനുമായി 15 ദിവസം കേരളത്തിൽ ചിലവിട്ട ശേഷമാണ് സംഘം മടങ്ങിയത്. ചെറുകിടസംരംഭങ്ങൾക്കിടയിൽ നിലനിൽക്കുന്ന സംഘാടനബോധം, കുടുംബശ്രീകൾ നടത്തുന്ന മത്സ്യമൂല്യവർധിത ഉൽപാദന യൂണിറ്റുകൾ, മത്സ്യവകുപ്പിന് കീഴിലുള്ള മത്സ്യത്തൊഴിലാളി വനിതാ സഹായക സംഘത്തിന്റെ (സാഫ്) പ്രവർത്തനങ്ങൾ തുടങ്ങിയവ വിദ്യാർത്ഥികളുടെ പ്രശംസ പിടിച്ചുപറ്റി. സിഎംഎഫ്ആർഐയുടെ ഗവേഷണപ്രവർത്തനങ്ങളെക്കുറിച്ചറിയാൻ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണനനുമായും വിവിധ വകുപ്പു മേധാവികളുമായും ആശയവിനിമയം നടത്തി.അധ്യാപകരായ പ്രൊഫ. ലിൻഡ റാസിയോപി, പ്രൊഫ സെജൂറ്റി ദാസ്ഗുപത എന്നിവരുടെ നേതൃത്വത്തിൽ മിഷിഗൺ സർവകലാശാലയുടെ ജെയിംസ് മാഡിസൺ കോളേജിൽ കംപാരിറ്റീവ് കൾച്ചർ ആന്റ് പൊളിറ്റിക്സിൽ ബിരുദപഠനം നടത്തുന്ന വിദ്യാർത്ഥികളാണ് സിഎംഎഫ്ആർഐയുടെ സഹകരണത്തോടെ കേരള സന്ദർശനം നടത്തിയത്. എറണാകുളം, തിരുവനന്തപുരം, ഇടുക്കി ജില്ലകളിലായി ഹാർബറുകൾ, ചെറുതും വലുതുമായ മത്സ്യവിപണന കേന്ദ്രങ്ങൾ, ചീനവല യൂണിറ്റുകൾ, കൂടുമത്സ്യകൃഷികല്ലുമ്മക്കായ കൃഷിയിടങ്ങൾ, സ്ത്രീസംരംഭക യൂണിറ്റുകൾ, മത്സ്യവകുപ്പിന്റെ സ്ഥാപനങ്ങൾ, സ്വയംതൊഴിൽ സംരംഭങ്ങൾ, അടുക്കള കൃഷികൾ എന്നിവിടങ്ങളിൽ വിദ്യാർത്ഥികൾ സന്ദർശനം നടത്തി. ചെല്ലാനത്ത് ടെട്രാപോഡ് കൊണ്ട് പുതുതായി നിർമിച്ച കടൽഭിത്തി വിദേശസംഘത്തെ ഏറെ ആകർഷിച്ചു.സിഎംഎഫ്ആർഐഎംഎസ്യു പരസ്പര സഹകരണത്തിന്റെ ഭാഗമായി ഇത് മൂന്നാം തവണയാണ് എംഎസ്യു വിദ്യാർത്ഥികൾ സിഎംഎഫ്ആർഐയിലെത്തുന്നത്.മത്സ്യമേഖലയ്ക്ക പുറമെ, കേരളത്തിലെ ത്രിതല പഞ്ചായത്ത് ഭരണ സംവിധാനം ഗ്രാമവികസനം എന്നിവയും വിദ്യാർത്ഥികൾ പഠനവിധേയമാക്കി. ഇതിനായി എളങ്കുന്നപ്പുഴ, കുമ്പളങ്ങി, ചെല്ലാനം പഞ്ചായത്തുകളുടെയും കൊച്ചി നഗരസഭയുടെയും പ്രവർത്തനങ്ങൾ മനസ്സിലാക്കി. നഗരസഭയുടെ കീഴിൽ സ്ത്രീകളുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന 'സമൃദ്ധി' ഭക്ഷണശാല അവരിൽ കൗതുകമുണർത്തി.സിഎംഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ ശ്യാം എസ് സലീമാണ് പഠനപരിശീലന യാത്രക്ക് മേൽനോട്ടം വഹിച്ചത്.കാലാവസ്ഥാവ്യതിയാനമുൾപ്പെടെയുള്ള വിഷയത്തിൽ സിഎംഎഫ്ആർഐയും മിഷിഗൺ സർവകലാശാലയും സംയുക്ത ഗവേഷണപരിപാടികൾക്കുള്ള ചർച്ചകൾ പുരോഗമിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു.



## എം.ബി.ബി.ബി.എസ്, ബി.ഡി.എസ്. പ്രവേശനം: ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിച്ചു



**തിരുവനന്തപുരം:** 2023ലെ എം.ബി.ബി.എസ്. ബി.ഡി.എസ്. കോഴ്സുകളിലേയ്ക്കുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് നടപടികൾ ആരംഭിച്ചു. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും നീറ്റ് യു.ജി 2023 മാനദണ്ഡപ്രകാരം എം.ബി.ബി.എസ്. ബി.ഡി.എസ്. കോഴ്സുകളിൽ പ്രവേശനത്തിന് യോഗ്യരുമായ വിദ്യാർഥികൾക്ക് എം.ബി.ബി.എസ്./ബി.ഡി.എസ്. കോഴ്സുകളിൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ജൂലൈ 31നു രാവിലെ 10 വരെ ലഭിക്കും. ഈ സമയം വരെ ലഭ്യമാകുന്ന ഓപ്ഷനുകൾ അടിസ്ഥാനമാക്കി ഓഗസ്റ്റ് രണ്ടിനു വൈകിട്ട് താത്ക്കാലിക അലോട്ട്മെന്റ് ലിസ്റ്റും മൂന്നിന് അന്തിമ അലോട്ട്മെന്റ് ലിസ്റ്റും പ്രസിദ്ധീകരിക്കും.പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും പ്രവേശനപരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾക്ക് വിദ്യാർഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ മേൽ വെബ്സൈറ്റ് നിരന്തരം സന്ദർശിക്കണം. ഹെൽപ് ലൈൻ നമ്പർ: 0471 2525300.

# മാക്സിന്റെ ഇന്ത്യയിലെ ഏറ്റവും വലിയ സ്റ്റോർ കേരളത്തിൽ




**തിരുവനന്തപുരം:** ദുബായ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന അന്താരാഷ്ട്ര ശൃംഖലയായ മാക്സ് ഫാഷൻ കൊച്ചിയിൽ 25,000 ചതുരശ്ര അടിയിലധികം വലിപ്പമുള്ള തങ്ങളുടെ പുതിയ സ്റ്റോർ തുറന്നു. മാക്സിന്റെ ഇന്ത്യയിലെ ഏറ്റവും വലിയ സ്റ്റോർ ആണിത്. ഇന്ത്യയിൽ 200ലധികം നഗരങ്ങളിലേക്ക് തങ്ങളുടെ സാധിധ്യം വ്യാപിപ്പിച്ച മാക്സിന്റെ നാഴികക്കല്ലായി മാറിയ ഈ സ്റ്റോർ കേരളത്തിലെ വിപണി കെട്ടിപ്പടുക്കുവാനുള്ള വമ്പൻ നീക്കത്തിന്റെ ഭാഗമാണ്. ദക്ഷിണേന്ത്യയിൽ തങ്ങളുടെ സ്ഥാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിർണായകമായ ഒരു ബ്രാൻഡ് മാറ്റവും മാക്സ് കൊണ്ടു വന്നിട്ടുണ്ട്. ഇതിന്റെ ഭാഗമായി യുവാക്കൾക്ക് വേണ്ടി പ്രത്യേകം രൂപകൽപന ചെയ്ത വസ്ത്ര ശേഖരം അവതരിപ്പിച്ചു. വരും വർഷത്തിൽ 100ലേറെ പുതിയ സ്റ്റോറുകൾ ആരംഭിക്കാൻ ബ്രാൻഡ് പദ്ധതിയിടുന്നുണ്ട്. ഉദ്ഘാടനത്തിന്റെ ഭാഗമായി 8000ലധികം വസ്ത്രങ്ങൾ ഉപയോഗിച്ചു നിർമിച്ച 6000 ചതുരശ്ര അടി വലിപ്പമുള്ള പൂക്കളം നടി ഹണി റോസ് ഉദ്ഘാടനം ചെയ്തു. പൂക്കളം ഒരുക്കാൻ ഉപയോഗിച്ച തുണികൾ ഒരു എൻജിഒയിലൂടെ സംഭാവനയായി നൽകുമെന്ന് കമ്പനി അറിയിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പുതിയ പ്രവണതകളും ഫാഷനും സംയോജിപ്പിച്ചു കൊണ്ട് കേരളത്തിന് ഞങ്ങൾ നൽകുന്ന ഓണം സമ്മാനമാണ് ഇതെന്ന് പുതിയ സ്റ്റോറിന്റെ ഉദ്ഘാടനത്തെ കുറിച്ച് സംസാരിച്ച മാക്സ് ഫാഷൻ ഇന്ത്യ ഡപ്യൂട്ടി സിഇഒ സുമിത് ചാന്ദ്ന പറഞ്ഞു. ഇന്ത്യയിൽ ഞങ്ങളുടെ 465ാമത്തേതും ആഗോള തലത്തിൽ 850ാമത്തേതുമായ സ്റ്റോറാണ് ഇതെന്നും അവർ കൂട്ടിച്ചേർത്തു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288, Kerala.E-mail-societytodaynews@gmail.com